# അക്ഷരപ്പട്ടം




## സ്കൂൾ മാഗസിൻ 2019

ഗവ ഹയർസെക്കണ്ടറി സ്കൂൾ

**ശ്രീകണുപുരം**




# അക്ഷരപ്പട്ടം

## സ്കൂൾ മാഗസിൻ 2019

### തയ്യാറാക്കിയത്

# ലിറ്റിൽ കൈറ്റ്സ്
# അംഗങ്ങൾ

ഗവ.ഹയർ സെക്കന്ററി സ്കൂൾ

**ശ്രീകണ്ഠപുരം**

# സന്ദേശം



ശ്രീകണ്ഠപുരം ഗവ ഹയർ സെക്കന്ററി സ്കൂളിലെ
ലിറ്റിൽകൈറ്റ്സിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ മാഗസിന്
എല്ലാവിധ ആശംസകളും നേരുന്നു.

**എം.സി.രാമചന്ദ്രൻ**

**(ഹെഡ് മാസ്റ്റർ)**

**ജി.എച്ച്.എസ്.എസ്. ശ്രീകണ്ഠപുരം**

# സന്ദേശം



ശ്രീകണ്ഠപുരം ഗവ.ഹയർ സെക്കന്ററി സ്കൂൾ ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ 'അക്ഷരപ്പട്ടം' മാഗസിന് സ്കൂൾ പി ടി എ യുടെ ഭാഗത്തുനിന്നും എല്ലാവിധ ആശംസകളും നേരുന്നു.

ശ്രീകണ്ഠപുരം
17-01-2019.

രാജൻ അമ്പിലോത്ത്,
പി ടി എ പ്രസിഡണ്ട്

# എഡിറ്റോറിയൽ



## കാളിദാസ് .വി

ചീഫ് എഡിറ്റർ

നാം വളരുകയാണ്. അറിവിന്റെ അനന്തവിഹായസ്സിലേക്ക് ഉയരുകയാണ്. വനാന്തരങ്ങളിൽ ഗിരികൂടങ്ങളിൽ പ്രാകൃത ജീവിതം നയിച്ച ആദിമമനുഷ്യനിൽ നിന്ന് ഗോളാന്തര താമസത്തിന് തുനിയുന്ന വിശ്വമാനവനായി നാം വളർന്നിരിക്കുന്നു. അതിന് നമ്മെ സഹായിച്ചത് വിവരസാങ്കേതിക വിജ്ഞാനമാണ്.

നമ്മളും ആ അത്ഭുതലോകത്തേക്ക് കൊച്ചു ചുവടുകൾ എടുത്തു വെയ്ക്കുകയാണ് . ലിറ്റിൽ കൈറ്റ്സിലൂടെ അതിന് സമാരംഭം ആവുകയാണ് ഈ ഡിജിറ്റൽ മാഗസിൻ. കൊച്ചുകുട്ടുകാരുടെ സൃഷ്ടികൾ ഡിജിറ്റൽ പേജുകളിലൂടെ വെളിച്ചം കാണുന്നത് വിസ്മയകരമല്ലേ. താങ്കളെയും ഹൃദയപൂർവ്വം ക്ഷണിക്കുന്നു ഈ വായനയുടെ വസന്തലോകത്തേക്ക് ........

# പത്രാധിപസമിതി

ചീഫ് എഡിറ്റർ കാളിദാസ് വി

ആബിദ

അനാമിക

ആത്മജ

ഷഹാന സലാം

സിബൽ ജോർജ്ജ്

കശ്യപ് കൃഷ്ണ

അഭിനവ്

# സ്കൂളിന്റെ അഭിമാന താരങ്ങൾ

## സംസ്ഥാന സ്കൂൾ കലോത്സവ വിജയികൾ




ഫാത്തിമ ലബീബ സി വി എൻ



സഫ്രീന കെ എം

## സംസ്ഥാന വിദ്യാരംഗം കലാ സാഹിത്യോത്സവ വിജയികൾ



മീര



ദിയ സി

അക്ഷരപ്പട്ടം

## Table of Contents


പത്രാധിപസമിതി അംഗങ്ങൾ....XI
വിവിധ ക്ലബുകൾ....XXI
ക ുട്ടിക്കളി....XXXVII
അഗ്നിച്ചിറകുകൾ....XLI
Wings of Fire....XLI
വിദ്യാലയം....LVII
പണമല്ല വലുത്....LIX
ക്വിസ്സ്....LXIII
നിഴലിച്ച ജീവിതം....LXVII
ूतर देखने की ौंतजार....LXXIII
മഹത് വചനങ്ങൾ....LXXVII
IMPORTANCE OF SPORTS....LXXXI
QUIZ....LXXXV
പ്രളയാനന്തര കേരളം....LXXXVII
പ യാണം....XCVII
IT BENEFITS....CI
മലയോരക്കാഴ്ച്ചകൾ....CV
GOOD TEACHER....CVII
പ്രപഞ്ചം ഉണ്ടായതെങ്ങനെ ?....CXI
വിസ്മയപ്രപഞ്ചം....CXIII
നല്ല നാളേക്കായി....CXVII
കടങ്കഥ....CXXIII
സംഖ്യാശ്രേണി....CXXV
വിട....CXXVII
കടംകഥകൾ....CXXIX
നാടൻപാട്ട്....CXXXIII
സാഹിത്യ ക്വിസ്സ്....CXXXVII
IT FULL FORMS....CXLI
പഴഞ്ചൊല്ലുകൾ....CXLIII
പുസ്തക പരിചയം....CXLV

# സ്കൂളിനെക്കുറിച്ച്....



കേരളഗവൺമെന്റ് നടപ്പാക്കുന്ന ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി നമ്മുടെ സ്കൂളും ഉന്നതിയിലേക്ക് കുതിച്ചു കൊണ്ടിരിക്കുകയാണ്. പുതിയ സ്കൂൾ കെട്ടിടത്തിന്റെ നിർമാണം പുരോഗമിച്ചുവരികയാണ്. ഇപ്പോൾ നമ്മുടെ സ്കൂളിൽ 16 ഡിവിഷനുകളിലായി 620 കുട്ടികളും ഹെഡ്മാസ്റ്ററടക്കം 26 അദ്ധ്യാപകരും 5 അനദ്ധ്യാപകരും 2 സ്പെഷലിസ്റ്റ് അദ്ധ്യാപകരും ഇവിടെ സേവനം ചെയ്യുന്നുണ്ട്. ലൈബ്രറി, സയൻസ് ലാബ്, ഐ.ടി ലാബ്, ഭക്ഷണപ്പുര, സ്കൂൾബസ്സ്, സ്പോർട്സ് റൂം,കോ-ഓപ്പറേറ്റീവ് സൊസൈറ്റി (പുസ്തകം) ,പ്ലേഗ്രൗണ്ട്,എന്നീസൗകര്യങ്ങൾ ഇവിടെയുണ്ട്. പാഠ്യപ്രവർത്തനങ്ങൾക്കൊപ്പം പാഠ്യേതരപ്രവർത്തനങ്ങളും ഇവിടെ നന്നായി നടക്കുന്നുണ്ട്. CWSN കുട്ടികൾക്കുള്ള പ്രത്യേക പദ്ധതികളും ഇവിടെ നടപ്പാക്കുന്നുണ്ട്.

# വിവിധ ക്ലബ്ബുകൾ

## ഇംഗ്ലീഷ് ക്ലബ്ബ്

ഇംഗ്ലീഷ് നമ്മുടെ അന്തർദേശീയ ഭാഷയാണ്. ഇംഗ്ലീഷ് സംസാരിക്കാനും എഴുതാനും ഭാഷ കൈകാര്യം ചെയ്യാനും ഈ ക്ലബ്ബ് സഹായിക്കുന്നു. ക്വിസ് കോർണർ,പ്രസംഗം, കവിത, ഉപന്യാസം, സെമിനാറുകൾ, ഡിബേറ്റുകൾ , വീഡിയോ പ്രദർശനം, ന്യൂസ് റീഡിങ് കോംപെറ്റീഷൻ, ഡ്രാമ, സ്റ്റോറി, ആങ്കറിംഗ്, അസംബ്ലി എന്നിവ ക്ലബ്ബ് തലത്തിൽ നടത്തുന്ന പ്രവർത്തനങ്ങളാണ്. 60 കുട്ടികളും 3 അധ്യാപകരും സജീവമായി പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.സബ് ജില്ലാ ജില്ല തലങ്ങളിൽ മികച്ച പ്രകടനം കാഴ്ചവെക്കാൻ ഈ ക്ലബ്ബിന് സാധിക്കുന്നു.

## ഹിന്ദി ക്ലബ്ബ്

ഹിന്ദി നമ്മുടെ രാഷ്ട്രഭാഷയാണ്. ഹിന്ദി സംസാരിക്കുന്നവരുടെ എണ്ണം നമ്മുടെ ഇടയിൽ കുറവാണ്. മിക്ക കുട്ടികൾക്കും ഹിന്ദിയിൽ സംസാരിക്കാനും ഭാഷ കൈകാര്യം ചെയ്യാനും താൽപര്യമുണ്ടായിരിക്കും. അത്തരം കുട്ടികളെ മുന്നോട്ട് കൊണ്ടുവരാനാണ് ഹിന്ദി ക്ലബ്ബുകൾ രൂപീകരിക്കുന്നത്. കുട്ടികളെ എഴുതാനും വായിക്കാനും സംസാരിക്കാനും പ്രാപ്തരാക്കാൻ ഈ ക്ലബ്ബ് സഹായിക്കുന്നു. ക്വിസ്, ഉപന്യാസം, കവിത, അസംബ്ലി, വീഡിയോ പ്രദർശനം എന്നിങ്ങനെ വിവിധ പ്രവർത്തനങ്ങൾ ക്ലബ്ബ് തലത്തിൽ നടത്തുന്നു. അൻപത് കുട്ടികളും രണ്ട് അദ്ധ്യാപികമാരും ഈ ക്ലബ്ബിൽ പ്രവർത്തിക്കുന്നു. സബ്ജില്ലയിലും ജില്ലയിലും ഉപന്യാസത്തിനും കവിതയ്ക്കും ഉയർന്നസ്ഥാനവും ഗ്രേഡുകളും കരസ്ഥമാക്കിയിട്ടുണ്ട്.

# വിദ്യാരംഗം കലാസാഹിത്യ വേദി

കുട്ടികളുടെ സർഗപരമായ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിൽ വിദ്യാരംഗം ക്ലബ്ബ് മുഖ്യ പങ്ക് വഹിക്കുന്നു.സ്കൂളിലെ എല്ലാ കുട്ടികളുംഇതിൽ അംഗങ്ങളാണ്.ജൂൺ ആദ്യവാരം തന്നെ നമ്മുടെസ്കൂളിൽവിദ്യാരംഗം ക്ലബ്ബിന്റെ രൂപീകരണം നടന്നു.

ജൂൺ 19 വായനാദിനത്തോടനുബന്ധിച്ച് രണ്ടാഴ്ച നീണ്ടു നിന്ന പരിപാടികൾനടത്തി. കഥ, കവിത, കാവ്യാലാപനം,നാടൻപാട്ട്, അഭിനയം, ചിത്രരചന, പുസ്തകാസ്വാദനം എന്നീ ഇനങ്ങളിൽ ശില്പശാലകൾ നടത്തി. ഈക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ രണ്ട് ദിവസത്തെ ഫിലിം ഫെസ്റ്റ് അരങ്ങേറി.വിവിധ സാഹിത്യകാരന്മാരുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ വിദ്യാഗീതം റേഡിയോ പരിപാടിയിൽ അവതരിപ്പിച്ചു.കുട്ടികളിൽ സർഗാത്മകതയും വായനാശീലവും വളർത്തുക എന്ന മഹത്-ദൗത്യവുമായി വിദ്യാരംഗം അതിന്റെ പ്രയാണം തുടരുകയാണ്.

# സയൻസ് ക്ലബ്ബ്

ശാസ്ത്രത്തിൽ താല്പര്യമുള്ള വിദ്യാർഥികൾക്ക് ശാസ്ത്രത്തിലെ എല്ലാ മേഖലകളേയും കുറിച്ച് പഠിക്കാൻ സഹായിക്കുന്നത് സയൻസ് ക്ലബ്ബാണ്. കുട്ടികളിലെ ശാസ്ത്ര മനോഭാവം, പരീക്ഷണ നിരീക്ഷണ പാടവം, ശാസ്ത്രകൗതുകം, പ്രയോഗ പാടവം, അപഗ്രഥനം,നിഗമനം തുടങ്ങി നിരവധി അഭിരുചികൾ വളർത്തിയെടുക്കാൻ ശാസ്ത്ര ക്ലബ്ബ് സഹായിക്കുന്നു. ക്വിസ്, ദിനാചരണങ്ങൾ, പരീക്ഷണങ്ങൾ, സയൻസ് ഫെയറുകൾ, ഫീൽഡ് ട്രിപ്പുകൾ എല്ലാം സയൻസ് ക്ലബ്ബിന്റെ ഭാഗമായി നടത്തപ്പെടുന്നു. നമ്മുടെ സ്കൂളിൽ 65 ഓളം കുട്ടികളും അഞ്ച് അധ്യാപകരും ഈ ക്ലബ്ബിൽ ഉണ്ട്. സബ്ബ് ജില്ലയിലും, ജില്ലാതലത്തിലും മികച്ച വിജയം നേടാൻ ക്ലബ്ബിന് സാധിച്ചിട്ടുണ്ട്.

അക്ഷരപ്പട്ടം

## സാമൂഹ്യ ശാസ്ത്ര ക്ലബ്ബ്

2018-19 അധ്യാന വർഷം 70 പേര് അംഗങ്ങളായ ക്ലബ്ബ് രൂപീകരിക്കുകയും എല്ലാ പ്രധാന ദിനാഘോഷങ്ങളും സമുചതമായി ആഘോഷി ക്കുകയും ചെയ്തു .സ്വാതന്ത്രദിനാഘോഷം ഹെഡ്മാസ്റ്റർ പതാക ഉയർത്തി ക്കൊണ്ട് ആഘോഷിച്ച എസ്.പി.സി അന്യ സംസ്ഥാന തൊഴിലാളികൾ എന്നിവരുടെ സാന്നിധ്യം ഒരു സവിശേഷതയായിരുന്നു യുദ്ധവിരുദ്ധ സദ്ധേശം ഉയർത്തികൊണ്ട് ss club കുട്ടികളും അധ്യാപക വിദ്യാർത്ഥികളും ചേർന്ന് flash mob സംഘടിപ്പിച്ചത് കുട്ടികൾക്ക് ഒരു പുതിയ അനുഭവമായിരുന്നു

## ഗണിതശാസ്ത്ര ക്ലബ്ബ്

2018-19 അധ്യയന വർഷം 30 അംഗങ്ങളടങ്ങുന്ന ക്ലബ്ബ് രൂപീകരിക്കകയും പാസ്കൽ ദിനം, ജനസംഖ്യാ ദിനം, ക്വിസ് മൽസരങ്ങൾ എന്നിവ നടത്തുകയും ചെയ്തു. സബ് ജില്ലാ ഗണിതശാസ്ത്ര മേളയിൽ ഇനങ്ങളിൽ 11 പങ്കെടുത്തു.

50 പോയിന്റുകൾ നേടി മികച്ച വിജയം കരസ്ഥമാക്കി.

## വിദ്യാഗീതം സ്കൂൾ റേഡിയോ

കുട്ടികളിലെ സംഗീത സർഗവാസനകളെ പരിപോഷിപ്പിക്കാൻ സർഗം സംഗീത ക്ലബ്ബും ആർട്ട് ക്ലബ്ബും ചേർന്നൊരുക്കുന്ന ഒരു റേഡിയോ പരിപാടിയായ വിദ്യാഗീതം സ്കൂൾറേഡിയോ തിങ്കൾ, ബുധൻ,വെള്ളിദിവസങ്ങളിലായി, ഉച്ചയ്ക്ക് വാർത്തകൾ,പ്രശസ്ത

ഗായകരുടെ സംഗീത സംപ്രേഷണം , കുട്ടികളുടെ മ്യൂസിക്കുകൾ--- നാടൻപാട്ട്, സിനിമാഗാനങ്ങൾ, ലളിതഗാനങ്ങൾ ,പ്രസംഗം,

ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ, ഓൺലൈൻ ക്വിസ്, അറിയിപ്പുകൾ, എന്നിവ സ്കൂൾ റേഡിയോ വഴി സംപ്രേഷണം ചെയ്യുന്നു. രണ്ട് അധ്യാപകർ സജീവമായി ഇതിൽ പ്രവർത്തിക്കുന്നു.

## പരിസ്ഥിതി ക്ലബ്ബ്

ശ്രീകണ്ഠപുരം ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിലെ പരിസ്ഥിതിയെ സംരക്ഷിക്കുന്ന പരിസ്ഥിതി ക്ലബ് വളരെ നല്ലരീതിയിൽ തന്നെ മുന്നോട്ടു പോകുന്നു.പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് സ്കൂളിലെ പരിസ്ഥിതി ക്ലബ് പരിസ്ഥിതി സൗഹൃദകാമ്പസ് ഉണ്ടാക്കുന്നതിൽ എന്നും ഒരുപടി മുന്നിലാണ്. മഴക്കാലത്ത് നടത്തിയ 'മഴയാത്ര' വിദ്യാർത്ഥിക്ക് ഏറെ പരിസ്ഥിതി സൗഹാർദ്ദ മനോഭാവം വളർത്താൻ സഹായകമായി. സ്കൂളിനായി ഒരു പച്ചക്കറി തോട്ടവും മനോഹരമായ പൂന്തോട്ടവും പരിസ്ഥിതി ക്ലബ്ബിന്റെ പ്രവർത്തനത്തിലൂടെ നിർമ്മിച്ചു.സ്കൂളും പരിസരവും വൃത്തിയായി സൂക്ഷിക്കാനായി വെള്ളിയാഴ്ച ദിവസങ്ങളിൽ ഡ്രൈ ഡേ ആചരിക്കുന്നു .

## ലിറ്റിൽ കൈറ്റ്സ് ഐ റ്റി ക്ലബ്ബ്

കുട്ടികളിൽ ഐ.ടി മേഖലയിൽ ഉള്ള താല്പര്യം വളർത്താൻ വേണ്ടി കേരള സർക്കാർ ആരംഭിച്ച സ്കൂൾ കുട്ടികളുടെ കൂട്ടായ്മയാണ് little

## അക്ഷരപ്പട്ടം

Kites. കൈറ്റിന്റെ പൂർണരൂപം Kerala infrastructure and Technology for education എന്നാണ്. 2017-18 വർഷങ്ങളിൽ ജനവരിയിൽഓൺലൈൻ എക്സാം സംഘടിപ്പിച്ചിരുന്നു. ഫെബ്രുവരിയിൽ 20 അംഗങ്ങൾ അടങ്ങുന്ന ഒരു ചെറിയ യൂണിറ്റ് ആരംഭിച്ചു.

2018 19 വർഷങ്ങളിൽ ലിറ്റിൽ കൈറ്റ്സിൻറെ അടിസ്ഥാന വിവരങ്ങൾ പകർന്നു കൊടുക്കുന്നതിനായി ജൂൺ 30 ന് ആദ്യ ക്യാമ്പ് നമ്മുടെ വിദ്യാലയത്തിൽ വച്ച് നടന്നു. ജൂണിനു മുമ്പുള്ള അംഗങ്ങളുടെ കൂടെ 18 അംഗങ്ങൾ കൂടി ഉൾപ്പെടുത്തിയതിനാൽ അംഗങ്ങളുടെ എണ്ണം 38 ആയി വർദ്ധിച്ചു. ജൂലൈ രണ്ടാം വാരത്തിൽ Little Kites ആനിമേഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചു. വിമാനം പറത്തുക, കാർ ചലിപ്പിക്കുക, ഷോർട്ട് ഫിലിം സ്റ്റോറി ബോർഡ് എന്നിവ 'GIMP', 'Tupi Tube desk', 'Ink scape' എന്നീ സോഫ്റ്റ്വെയറുകൾ ഉപയോഗിച്ച് തയ്യാറാക്കി.

കേരളത്തിനെ വിഴുങ്ങിയ മഹാപ്രളയം കാരണം രണ്ടാഴ്ച ക്ലാസ് നടന്നില്ല. ഓണാവധിക്കു ശേഷം സെപ്റ്റംബർ ഒന്നിന് വീഡിയോ എഡിറ്റിംഗ് ഏകദിന ക്യാമ്പ് നടത്തിയിരുന്നു. എല്ലാ ബുധനാഴ്ചയും ആണ് ക്ലാസ് നടത്തിവരുന്നത് . ശബ്ദ ചിത്രം ഒരുക്കിയത് ഓപ്പൺഷോട്ട് വീഡിയോ എഡിറ്റർ , ഒഡാസിറ്റി എന്നീ സോഫ്റ്റ് വെയറുകൾ ഉപയോഗിച്ചാണ്. പിന്നെ ലിറ്റിൽ കൈറ്റ് ക്ലാസ്സിൽനിന്നും ഭാഷാ കമ്പ്യൂട്ടിംഗും ഇൻററർനെറ്റും പരിചയപ്പെട്ടു.

## അക്ഷരപ്പട്ടം

ഒക്ടോബർ 6, 7 തീയതികളിൽ നമ്മുടെ സ്കൂളിൽ ലിറ്റിൽ കൈറ്റ്സ് ഇരിക്കൂർ സബ്ജില്ലാ ക്യാമ്പ് സംഘടിപ്പിച്ചിരുന്നു. അതിൽ നമ്മുടെ സ്കൂളിൽ നിന്ന് 8 ലിറ്റിൽ കൈറ്റ്സ് വിദ്യാർഥികളാണ് പങ്കെടുത്തത്. ഇതിൽ ആനിമേഷൻ ക്യാമ്പ് ആയും പ്രോഗ്രാം ക്യാമ്പ് ആയും വിഭജിക്കപ്പെട്ടിരുന്നു. ആനിമേഷൻ ക്യാമ്പിൽ ഷഹാന സലാം , അഭിനവ് ടി , കശ്യപ് കൃഷ്ണ , സൽമാൻ ഫാരിസ് എന്നിവരും പ്രോഗ്രാം ക്യാമ്പിൽ നന്ദന കെ കെ , സിബൽ ജോർജ് , അഭിൻ ദേവ് വി വി , മുഹമ്മദ് സിഹാൽ എന്നിവരുമാണ് പങ്കെടുത്തത്. ഇരിക്കൂർ

സബ് ജില്ലയിലെ അറുപതോളം കുട്ടികൾ ഈ ക്യാമ്പിൽ പങ്കെടുത്തിരുന്നു. തുടർന്ന് പ്രോഗ്രാം ക്യാമ്പിൽ പങ്കെടുത്ത നാലു വിദ്യാർത്ഥികളും അവർ ക്യാമ്പിൽ നിന്നും പഠിച്ച കാര്യങ്ങൾ മറ്റു ലിറ്റിൽ കൈറ്റ്സ് സുഹൃത്തുക്കൾക്ക് പറഞ്ഞുകൊടുത്തു . പ്രോഗ്രാം ക്യാമ്പിൽ പങ്കെടുത്ത വിദ്യാർത്ഥികളെ ഉപയോഗപ്പെടുത്തി 'SCRATCH', 'MIT App inventor' എന്നിവ മറ്റു വിദ്യാർത്ഥികൾക്ക് ക്ലാസ് എടുത്തു കൊടുക്കുകയും ചെയ്തു .

മലയാളം ടൈപ്പിംഗ് ഉപയോഗിച്ച് കൂടുതൽ ഡാറ്റ തയ്യാറാക്കി.ലിറ്റിൽ കൈറ്റ്സിലെ അംഗങ്ങൾ ഒരു മാഗസിൻ വർക്ക് തുടങ്ങി. അതിനുവേണ്ടിയുള്ള എല്ലാകാര്യങ്ങളും തുടങ്ങി. അതിൽ എല്ലാ ലിറ്റിൽ കൈറ്റ് അംഗങ്ങളും ഒത്തൊരുമയോട ചെയ്ത് പൂർത്തീകരിച്ചു. എല്ലാവരും മാഗസിനുവേണ്ടി അവരവരുടെ സൃഷ്ടികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ക്രിസ്തുമസ് വെക്കേഷനിൽ 4 കുട്ടികൾ ' വെബ് ക്യാമറ' ഉപയോഗിച്ചുള്ള വാർത്ത റിപ്പോർട്ട് തയ്യാറാക്കുന്ന

പരിശീലനത്തിൽ പങ്കെടുത്തു.'കുട്ടി റിപ്പോർട്ടേഴ്സ്' എന്ന പേരിലാണ് ഈ ക്യാമ്പ് സംഘടിപ്പിച്ചത്. ക്രിസ്തുമസ് അവധിക്കുശേഷം എല്ലാവരുടെയും തീവ്രപ്രയത്നങ്ങൾക്കൊടുവിൽ മാഗസിൻ വർക്ക് പൂർത്തീകരിച്ചു .കൈറ്റ് മാസ്റ്റേഴ്സ് ആയ കൃഷ്ണൻ മാസ്റ്ററും,ഗീത ടീച്ചറും ഞങ്ങളുടെ എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുന്നുണ്ട്. ഞങ്ങളുടെ ഈ ചെറിയ റിപ്പോർട്ട് എല്ലാ വായനക്കാരിലേക്കും സദയം സമർപ്പിച്ചുകൊള്ളുന്നു.നന്ദി ,നമസ്കാരം.

തയ്യാറാക്കിയവർ

ആത്മജ കെ &നന്ദന കെ കെ

## സ്റ്റുഡന്റ് പോലീസ് കാഡറ്റ്

വിദ്യാർത്ഥികളിൽ പൗരബോധവും സാമൂ സാമൂഹ്യ പ്രതിബദ്ധതയും ലക്ഷ്യബോധവും സേവനസന്നദ്ധതയും ഉള്ള യുവജനതയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടു കൂടി രൂപീകരിച്ച ഒരു പദ്ധതിയാണ് എസ്.പി സി. സംസ്ഥാന ആഭ്യന്തരവകുപ്പും വിദ്യാഭ്യാസ വകുപ്പും ചേർന്ന് 2010 ആഗസ്റ്റ് രണ്ടിന് കേരളത്തിൽ student പോലീസ് കേഡറ്റ് പദ്ധതിക്ക് തുടക്കംകുറിച്ചു. സ്കൂളുകൾ കേന്ദ്രീകരിച്ച് വിദ്യാർത്ഥികൾക്കുവേണ്ടി നമ്മുടെ രാജ്യത്ത് ഈ പദ്ധതി ആദ്യമായി നിലവിൽ വന്നത് കേരളത്തിലാണ് . ശ്രീ പി.വിജയൻ ഐപിഎസ് ആണ് എസ് പി സി എന്ന ആശയം ആദ്യമായി അവതരിപ്പിച്ചത്. പോലീസ്, എക്സൈസ്,വനംവകുപ്പ്, ആർടിഒ എന്നീ വകുപ്പുകളുടെ പിന്തുണ എസ് പി സി യൂണിറ്റിന്റെ പ്രവർത്തനത്തെ കൂടുതൽ വിപുലമാക്കാൻ സഹായിക്കുന്നുണ്ട്. കുട്ടികൾക്കാവശ്യമായ മാനസിക-

ശാരീരിക ഊർജ്ജം പകരാൻ ഉതകുന്ന പ്രവർത്തനങ്ങളാണ് എസ് പി സി യുടേത്.

2012 ലാണ് എസ് പി സി യൂണിറ്റ് ശ്രീകണ്ഠപുരം സ്കൂളിൽ ആരംഭിച്ചത്. ജില്ലാ സംസ്ഥാന തലങ്ങളിൽ മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ചവെച്ച് അംഗീകാരം നേടിയ എസ് പി സി യൂണിറ്റാണ് നമ്മുടേത്. ഏഴ് വർഷമായി ശ്രീകണ്ഠാപുരം ജി എച്ച് എസ് എസിൽ എസ് പി സി പ്രവർത്തിച്ചുവരുന്നു . ഈ സ്കൂളിൽ എസ് പി സി യുടെ CPO ആയി മാണിസാറുംACPO ആയി ബിന്ദു ടീച്ചറും ചുമതല വഹിക്കുന്നു. പരേഡിൽ കേഡറ്റുകളെ സഹായിക്കുന്നതും നേതൃത്വം നൽകുന്നതും ശ്രീകണ്ഠപുരം പോലീസ് സ്റ്റേഷനിലെ CPO മാരായ ഗോപാലകൃഷ്ണൻ സാർ, രവിസാർ WDI നളിനി എന്നിവരാണ്. നേതൃത്വപാടവം, ആത്മവിശ്വാസം എന്നിവ വർദ്ധിപ്പിക്കുന്നതിൽ എസ് പി സി ക്ക് പ്രധാന പങ്കുണ്ട് .എസ് പി സി യിലൂടെ ലഭിച്ച മൂല്യങ്ങൾ ജീവിതത്തിൽ പകർത്താൻ ഈ പദ്ധതി സഹായിക്കുന്നു.

## ജെ ആർ സി


ജൂനിയർ റെഡ് ക്രോസ് സൊസൈറ്റി എന്നാണ് ജെ ആർ സി യുടെ പൂർണ്ണരൂപം. സേവന സന്നദ്ധതയുള്ള ഒരു തലമുറയെ വാർത്തെടുക്കുക എന്നതാണ് ജെ ആർ സി യുടെ ലക്ഷ്യം. 'ഐ സെർവ്' എന്നാണ് ജെ ആർ സി യുടെ മോട്ടോ.ജീൻ ഹെൻട്രി ആണ് ജെ ആർ സിരൂപീകരിച്ചത്.

ജിവകാരുണ്യം,ചേരിചേരായ്മ,സ്വാതന്ത്ര്യം,നിഷ്പക്ഷത, എന്നിവയാണ് ജെആർ സിയുടെഅടിസ്ഥാന തത്വങ്ങൾ. രണ്ടാംലോകമഹായുദ്ധത്തിൽ പരിക്കേറ്റ ഭടൻമാരെ ശുശ്രൂഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് ആദ്യമായി ജെ ആർ സി രൂപീകരിച്ചത്.

## ഹെൽത്ത് ക്ലബ്ബ്

പരിസര ശുചിത്വം, വ്യക്തി ശുചിത്വം, ആരോഗ്യ സംരക്ഷണം ഇവയാണ് ഹെൽത്ത് ക്ലബ്ബിൻറെ ലക്ഷ്യങ്ങൾ.കുട്ടികളും അദ്ധ്യാപകരും ഒത്തൊരുമിച്ചാണ് ക്ലബ്ബ് പ്രവർത്തനങ്ങൾചെയ്യുന്നത്.ഈ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ആരോഗ്യ പ്രവർത്തനങ്ങൾങ്ങൾ നടന്നുവരുന്നു. കുട്ടികൾക്ക് വേണ്ട കുത്തിവെപ്പുകൾ സമയാസമയങ്ങളിൽ നടത്തുുന്നു.ഡോക്ടർമാർ,ദന്ത ഡോക്ടർമാർ എന്നിവരുടെ സേവനം കുട്ടികൾക്ക് ലഭിക്കുന്നുണ്ട്.ക്ലബ്ബിന് നേതൃത്വംനൽകുന്നതിനായി അധ്യാപകരുണ്ട്. ഇപ്പോൾ' കുട്ടി ഡോക്ടർ' എന്ന ഒരു പുതിയ പദ്ധതികൂടി ആരംഭിച്ചിട്ടുണ്ട്

# കുട്ടിക്കളി



മീര 10 D

പോലീസ് സ്റ്റേഷനിലേക്ക്കുട്ടിയേയും മുറുകെപിടിച്ചുകൊണ്ട് നിലവിളച്ച് ഓടി വരുന്ന ഒരു സ്ത്രീയുടെ മാനസികാവസ്ഥ മനസ്സിലാക്കാൻ ഏറെ ബുദ്ധിമുട്ടണമെന്നില്ല.എങ്കിലും പ്രതീക്ഷിച്ചതിൽ നിന്നും വ്യതിചലിച്ച് അതൊരു വെട്ടേറ്റ കേസായിരുന്നു.കുട്ടിയുടെ കഴുത്തിൽ നിന്നും ചോര ഒലിക്കുന്നു.നടന്ന സംഭവത്തെപറ്റി പറയാൻ പോലുംനി ല വി ളി ക്ക ന്ന ആ സ്ത്രീ യ്ക്ക് ഇടലഭിക്കുന്നുണ്ടായിരുന്നി ല്ല.കുട്ടിയെഎത്രയുംവേഗം ആശുപത്രിയിലെത്തിച്ചു കൊണ്ട് നടന്ന സംഭവത്തപറ്റി ഞങ്ങൾ ആ സ്ത്രീയോട് ചോദിച്ചു.കുറേ നേരത്തേക്ക് നീണ്ട കരച്ചിൽ ആയിരുന്നു മറുപടി.എങ്കിലും ഇടക്കിടെ വിളിച്ചുപറഞ്ഞ വാക്കുകൾ കൂട്ടിച്ചേർത്തുകൊണ്ട് ഞങ്ങൾ ഏകദേശ ധാരണ ഉണ്ടാക്കി.മെയിൻ റോഡിൽ നിന്നും ഇടത്തേക്കു തിരിഞ്ഞാൽ മൂന്നാമത്തെ വീട്.

ആകെ കിട്ടിയ തുമ്പും കൊണ്ട് ഞങ്ങളും വണ്ടിയെ നിലവിളിപ്പിച്ചു കൊണ്ട് ലക്ഷ്യസ്ഥാനത്തേക്ക് പാഞ്ഞു. മെയിൻ റോഡിൽ നിന്നും ഇടത്തോട്ട് തിരിഞ്ഞുള്ള മൂന്നാമത്തെ വീട് ! മുറ്റത്തു പരന്നു കിടക്കുന്ന ചോരക്കളം സംഭവസ്ഥാനം ഇതുതന്നെയാണെന്ന് സൂചിപ്പിച്ചു. സംഭവത്തെ കുറിച്ച് കൃത്യമായ ധാരണയൊന്നും ഇല്ലാതിരുന്നതിനാൽ തന്നെ അൽപ്പം ഭയത്തോടെ,എന്നാൽ അത്

പുറത്തുകാട്ടാതെ കോളിംഗ് ബെൽ അമർത്താനുള്ള ഡ്യൂട്ടി എന്നെ ഏൽപ്പിച്ച് ബാക്കിയുള്ളവർ അൽപം പുറകോട്ടു വലിഞ്ഞു. വരണ്ട തൊണ്ടയെ തണുപ്പിക്കാൻ വറ്റിത്തുടങ്ങിയ തുപ്പൽ കഷ്ടപ്പെട്ടിറക്കിക്കൊണ്ട് ഞാൻ കോളിംഗ് ബെൽ അമർത്തി. ആരും വരില്ലെന്ന പ്രത്യാശയോടെ നിന്ന എന്നെ, പാടേ തകർത്തുകൊണ്ട് വാതിൽ എൻെറ മുന്നിൽ തുറക്കപ്പെട്ടു. ചോരയിൽ കുളിച്ച ഒരു ആൺകുട്ടി പുറത്തേക്ക് വന്നത് ഞങ്ങളെ ഞെട്ടിച്ചു.

"ഞങ്ങൾ കളിച്ചതാണ് സർ”.

അവൻറെ മുഖത്തെ നിഷ്ക്കളങ്ക ഭാവം നോക്കി പകച്ചു നിൽക്കാനേ ഞങ്ങൾക്ക് കഴിഞ്ഞുള്ളൂ.

അക്ഷരപ്പട്ടം

# അഗ്നിച്ചിറകുകൾ

## Wings of Fire



**നന്ദന ടി വി** 10 C

ഡോ.എ.പി.ജെ.അബ്ദുൽകലാംആരാണെന്നറീയാത്തവർ വിരളമായിരിക്കും.ഇന്ത്യയുടെ മിസൈൽമാൻ.അദ്ദേഹത്തിന്റെ ആത്മകഥയാണ് അഗ്നിച്ചിറകുകൾ.ഡോ.അബ്ദുൽ പക്കീർ ജയ്നുലാബ്ദീൻ അബ്ദുൽക്കലാം എന്ന എ.പി.ജെ യെ കുറിച്ച് എല്ലാ ഇന്ത്യക്കാരും ഒ രു പാ ട് കേ ട്ടി ട്ടു ണ്ടാ കും . എ ന്നാ ൽ ഇതുവരെഅദ്ദേഹത്തിന്റെആത്മകഥവായിക്കാത്തവർക്കത്തീരാനഷ്ടമായിരിക്കും.കൈയിൽ സമ്പാദ്യമൊന്നുമില്ലാതെ ഒരുപാട് സ്വപ്നം കണ്ടിരിക്കുന്ന ഒരുപാട് ഉയരത്തിൽപറക്കാൻആഗ്രഹിക്കുന്നവർക്ക്ഈ പുസ്തകംഒരുപ്രചോദനമാണ്..ഈപുസ്തകംമലയാളത്തിൽവിവർത്തനംചെയ്തില്ലായിരുന്നില്ലെങ്കിൽ ഞാനൾപ്പടെയുള്ള മലയാളിക്ക് ഇത് തീരാനഷ്ടമായിരിക്കും.അതുകൊണ്ട് തന്നെ ഈ പുസ്തകം മലയാളത്തിലേക്ക് വിവർത്തനം ചെയ്തശ്രീ.എ.വിജയരാഘവനോട് ഓരോ മലയാളിയും കടപ്പെട്ടിരിക്കും അത്ര മൂല്യവത്തായ കാര്യങ്ങളാണ് ഇതിലുള് ഓരോ ഇന്ത്യക്കാരനേയും സ്വപ്നം കാണാൻ പഠിപ്പിച്ച എ.പി.ജെ യുടെ ബാല്യം തൊട്ട് പ്രശസ്തിയാർജിച്ച കാലം വരെയുള്ള എല്ലാ സന്ദർഭങ്ങളും പ്രചോദനത്തിന്റെ മാധുര്യം ചാലിച്ച് എഴുതിയിരിക്കുകാണ് എ.പി.ജെ. രാമേശ്വരത്തെ ഒരു സാധാരണ കുടുംബത്തിൽജനിച്ച് ഇന്ത്യയുടെ രാഷ്ട്രപതിയായി മാറിയ

അസാധാരണജീവിതത്തിലെ യാഥാർത്ഥ്യങ്ങളാണ് പുസ്തകത്തിന്റെ പ്രമേയ.അതോടോപ്പംതന്റെവിജയത്തിന്റെപിന്നിലെരഹസ്യവുംവിശദീകരിക്കുന്ന 1999 ൽപുറത്തിറക്കിയഅഗ്നിച്ചിറകുകൾഗുജറാത്ത,തെലുങ്ക,തമിഴ്,ഒറിയ,മറാത്തിമലയാളംതുടങ്ങിയ ഇന്ത്യൻ ഭാഷകളിലും ചൈനീസ്,കൊറിയൻതുടങ്ങിയ വിദേശഭാഷകളിലുംവിവർത്തനംചെയ്തു.

ഈപുസ്തകം എ.പി.ജെ യുടെ ജീവിതത്തിലെ ഓരോ ഘട്ടവും വളരെ വിശദമായി പറയുന്നുണ്ട്. എന്നെ ഒരുപാട് വേദനിപ്പിച്ചതും പ്രചോദിപ്പിച്ചതുമായ ഒട്ടനേകം സാമൂഹിക സന്ദർഭങ്ങൾ ഇതിലുണ്ട്. സാമൂഹിക അനാചാരത്തിൽ അയിത്തത്തിന്റെ കണ്ണിലൂടെ എ.പി.ജെ യെ വിജയത്തിന്റെ കിരീടം ചൂടി നിൽക്കുന്നത് കാണാനവസരം ഉണ്ടായി.കേവലം ഒരു മുസ്ലീം ആണെന്ന് പറഞ്ഞ് തന്റെ സ്കൂൾ കാലംമുതൽ എ.പി.ജെ ദുരനുഭവത്തിന് സാക്ഷ്യം വഹിച്ചു.അതിലൊരു സംഭവമാണ് എ.പി.ജെ യുടെ സ്കൂളിലെ ഒരു പുതിയ അധ്യാപകനായ രാമേശ്വരം ശാസ്ത്രി എ.പി.ജെ ഒരു ഹൈന്ദവപുരോഹിതന്റെ മകന്റെ പക്കൽ ഇരുന്നതിന് ശകാരിച്ചത്.ഈ സംഭവം കലാമിനെ മാനസികമായി തളർത്തി.

എന്നാൽ കലാമിനെ പ്രോത്സാഹിപ്പിച്ച അധ്യാപകരും ഉണ്ടായിരുന്നു. കലാമിനെ ഇത്രയും എളിമയുള്ളതും ഒരുപാട് നല്ല ഉപദേശവും പ്രോത്സാഹനവും നൽകാൻ പ്രാപ്തനാക്കിയതും കലാമിൻറെ ജീവിത സ്ഥിതിയാണ്. കലാമിന്റെ ജീവിതം ഓരോരാൾക്കും ഒരു പാഠപുസ്തകം ആണ്. ഒരുതരത്തിലും ആർഭാടംആഗ്രഹി ക്കാത്ത ആ മനുഷ്യന്റെ മുഖം അഗ്നിച്ചിറകുകൾ എന്ന ഈ പുസ്തകത്തിന്റെ ഓരോ താളിലും കാണാം.

തൻറെ ജീവിതത്തിൽ കലാം മറികടന്ന ഒത്തിരി പ്രശ്നങ്ങൾ ഇതിലുണ്ട്. ഒരു പൈലറ്റ് ആകാൻ ആഗ്രഹിച്ച എപിജെയെ നിരവധിപേർ കൈത്താങ്ങി. എ പി ജെ യുടെ സഹോദരി സുഹറ ഉൾപ്പെടെ. കലാമിനെ കളക്ടർ ആക്കണമെന്നായിരുന്ന

അദ്ദേഹത്തിൻറെ അച്ഛൻ ആഗ്രഹിച്ചത്.എന്നാൽ കലാം തനിക്ക് പൈലറ്റ് ആകണം എന്നാഗ്രഹിച്ചു. ഒരിക്കൽ തൻറെ ഉറ്റസുഹൃത്തായ ജലാലുദ്ധീനോടൊപ്പം തകർന്നുപോയ പാമ്പൻപാലം കാണാൻ പോയ കലാം സമുദ്രത്തിൻറെ പരിണാമം ആലോചിച്ചു.ഇത് സൃഷ്ടിച്ച പ്രപഞ്ചത്തിന്റെ ശക്തി കലാമിനെ അമ്പരപ്പിച്ചു. ഈ ഒറ്റൊരു കാഴ്ചയും ചിന്തയും കലാമിനെ തൻറെ ഭാവി എന്താകണമെന്ന സൂചന നൽകി .അന്നന്നത്തെ ആഹാരത്തിനുവകയില്ലാതിരുന്ന കലാംപത്രം വിറ്റു തുടങ്ങി. ഒരു പത്രം വിൽപ്പനക്കാരൻ ഇന്ത്യൻ മിസൈൽ മാൻ ആകണമെങ്കിൽ അതിനുപിന്നിലെ കഷ്ടപ്പാട് പരിശ്രമം കലാമിൻറെ ജീവിതം അതെത്ര കഠിനം ആയിരിക്കണം.

ഈ പുസ്തകം വെറും പ്രചോദനം മാത്രമല്ല ഓരോ വിദ്യാർഥിക്കും മാതൃകകൂടിയാണ്. തനിക്ക് പണമില്ല എന്ന് പറഞ്ഞു തളർന്നിരിക്കുന്ന ഓരോ വിദ്യാർഥിക്കും ഈ ആത്മകഥ വിലയിരുത്തുന്നതിലൂടെ പണം വെറും കടലാസു ഉണ്ടായിമാറും . ഈയിടെ മാധ്യമങ്ങളിൽ നിറഞ്ഞുനിന്ന വാർത്തയാണ് ഒരു വിദ്യാർത്ഥി അധ്യാപികയുടെ ശകാരത്തെ തുടർന്ന് സ്കൂൾ കെട്ടിടത്തിന് മുകളിൽനിന്ന് താഴേക്ക് ചാടി മരിച്ചത്. ഒട്ടും തന്നെ സഹനശക്തി ഇല്ലാത്ത കുട്ടികളാണ് ഇന്നത്തെ തലമുറ. വെറും തൊട്ടാവാടിക്ക് സമം. തൊട്ടാവാടി തൻറെ സുരക്ഷയ്ക്ക് വേണ്ടിയാണ് മടങ്ങുന്നത്. പക്ഷേ നമ്മുടെ വാട്ടം നമ്മുടെ പരാജയമാണ്. എപിജെ തന്നെ ഓരോരുത്തരും പരിഹസിച്ച സമയത്ത് താൻ തീർന്നു എന്ന് വിചാരിച്ചിരുന്നെങ്കിൽ ഇന്ത്യയ്ക്ക് ഒരു മിസൈൽമാൻ ഉണ്ടാവില്ലായിരുന്നു. അതുകൊണ്ടുതന്നെ പറയാം നാം വെറും പാഴായി കാണുന്ന നാം ഒന്നുമല്ലെന്ന് കരുതുന്നവർ ആയിരിക്കാം നമ്മളെ നിയന്ത്രിക്കുന്നത്. ഇത് നമ്മൾ ഓരോരുത്തർക്കും വിജയത്തിലേക്ക്

കടക്കാൻ പ്രോത്സാഹനം നൽകുന്നു.ഉറങ്ങുമ്പോൾ കാണുന്നതല്ല സ്വപ്നം ഉറക്കം കെടുത്തുന്നതാണ് സ്വപ്നം. ഓരോ ക്ലാസ്സുറിയിലും ആണ് നാളത്തെ ഉണർവ് ഉള്ളത് തുടങ്ങിയ കലാമിൻറെ പ്രശസ്ത വാക്കുകൾ മനുഷ്യന് തന്റെ മഹത്വം സ്വയം മനസ്സിലാക്കാൻ സാധിപ്പിക്കുന്നു.

" ആരെങ്കിലും നിങ്ങളെ നിരസിച്ചാൽ മോശം തോന്നേണ്ട ആവശ്യമില്ല. കാരണം, ആളുകൾക്ക് താങ്ങാനാകാത്തതുകൊണ്ടാണ് വിലയേറിയ വസ്തുക്കൾ അവർ നിരസിക്കുന്നത്"

----എ.പി.ജെ.

നാം നോക്കിയാലറിയാം എപിജെ ഓരോ മനുഷ്യരിലും താനാരാണെന്ന തിരിച്ചറിവും തൻറെ വിലമതിപ്പ് എത്രമാത്രമാണെന്ന തിരിച്ചറിവുണ്ടാക്കാൻ ശ്രമിക്കുന്നു.

കലാമിനെ കുറിച്ച് നാം കേട്ടിട്ടുള്ള പൊതു വിവരങ്ങളിലൂടെ ആ മഹാനെ നാം നമസ്കരിക്കും. ഈ പുസ്തകം വായിക്കുമ്പോൾ നമ്മുടെ അദ്ദേഹത്തോടുള്ള ആദരവ് ആകാശത്തോളം വളരും. അദ്ദേഹത്തിൻറെ എളിമയാണ് കലാമിന് താൻ ആഗ്രഹിച്ചത് പോലെയുള്ള ജീവിതവും ഒടുവിൽ മരണവും നൽകിയത്.ഈ ആത്മകഥയിലൂടെ എല്ലാ വായനക്കാർക്കും കലാം തൻറെ ജീവിതം പഠിപ്പിച്ച പാഠം ഒരു അഗ്നിച്ചിറകിന്റെ രൂപത്തിൽ നൽകുന്നു. ശരിക്കുമൊരു അഗ്നിച്ചിറകു തന്നെയാണ്. ഉന്നതങ്ങളിൽ എത്താനുള്ള ദാഹം മൂലം പെട്ടെന്ന് ഉയരാൻ വേണ്ടി പക്ഷിയല്ലെങ്കിൽ പോലും ഉണ്ടായ അഗ്നിച്ചിറക്-- ആ ചിറക് മറ്റുള്ളവർക്കും കൂടി വച്ചു കൊടുക്കുകയാണ് എപിജെ. അതാണ് പ്രചോദനത്തിന്റെ ചിറകായ അഗ്നിച്ചിറക്.

# മിന്നാമിനുങ്ങ്

സിനിമാനിരൂപണം



**നന്ദന . സി** 10 C

ആരുടെയൊക്കെയോ തിരഞ്ഞെടുപ്പാണ് സിനിമയിലൂടെ പ്രേക്ഷകരായ നമ്മൾ കാണുന്ന കാഴ്ചകളും മുഖങ്ങളും. അതിനിടയിൽ നമ്മൾ കാണേണ്ട സത്യസന്ധമായ നമ്മുടെ കാഴ്ച കടന്ന് ചൊല്ലേണ്ട ഇടങ്ങൾ അപൂർവ്വമായേ ഉള്ളൂ. സിനിമാറ്റിക് ആയ കാഴ്ചകളുടെ ഭ്രമാത്മകമായ ഈ ലോകത്ത് ഒതുങ്ങാൻ ആണ് നമുക്ക് ഇപ്പോഴും ഇഷ്ടം. കാശു മുടക്കുമ്പോൾ ഗുണഭോക്താവിന് എന്തെങ്കിലും ലാഭം വേണ്ടേ എന്ന് ചോദ്യമുണ്ട്. മിന്നാമിനുങ്ങേ എന്ന ഈ സിനിമയിലും നമ്മുടെയെല്ലാം ജീവിതത്തിലും അതെ ചോദ്യമുണ്ട്. ശമ്പളം നൽകുന്നവൻ,നിർമാതാവ്, ഉപഭോക്താവ്, എല്ലാവരും ഈ ചോദ്യത്തിൻെ ഉത്തരം തേടുന്നവരാണ്. ഒന്നു മുടക്കിയാൽ പത്തായി കിട്ടണം എന്ന ഒറ്റ ലക്ഷ്യം ആണ്. എന്നാൽ ആ ചോദ്യത്തിന് പുറത്ത് ജീവിക്കുന്നവരെ കുറിച്ചാണ് ഈ സിനിമ സംസാരിക്കുന്നത്. ജീവിതവും ,ആരോഗ്യവും, സ്നേഹവും, മുതൽ മുടക്കുന്നവർ .ലാഭം പോയിട്ട് മുടക്കുമുതൽ പോലും ലഭിക്കാത്തവർ .എന്നിട്ടും വീണ്ടും മുതൽമുടക്കാൻ തയ്യാറായി നമുക്ക് അത്ഭുതം ആകുന്നവർ.സുരഭി ലക്ഷ്മിയാണ് മിന്നാമിനുങ്ങിലെ കേന്ദ്ര കഥാപാത്രമായി അവതരിപ്പിക്കുന്നത്. അമ്മ , മകൾ ,അവർ, എന്നിങ്ങനെ പല പേരുകൾ. കഥാപാത്രത്തിൻറെ പേര്

വ്യക്തമല്ല. എണ്ണമറ്റ ഫ്ലാറ്റുകളിൽ വീട്ടുപണി ചെയ്യുന്ന, വലിയ, വലിയ ഓഫീസുകൾ വൃത്തിയാക്കുന്ന സ്ത്രീകളിൽ ഒരാൾ. മുതലാളിത്തത്തിൻെറ ഇടയ്ക്കിടയ്ക്ക് ഇല്ലാത്ത കാരണങ്ങൾ കണ്ടെത്തി കുതിര കയറാൻ ശമ്പളം കൊടുത്ത് നിർത്തിയിരിക്കുന്നവർ. തുച്ഛമായ വരുമാനം കൊണ്ട് നിരവധി അടിസ്ഥാന ആവശ്യങ്ങളെ കൂട്ടിമുട്ടിക്കാനുള്ള തിടുക്കവും വേഗവും ഉണ്ടാകും അവരുടെ ചലനങ്ങളിൽ. ആളൊഴിഞ്ഞ തെരുവുകളിലൂടെ അവർ പലപ്പോഴും നമ്മെ കടന്നുപോകും ഉണ്ടാകും. ഒരു പെൺകുട്ടിയുടെ അമ്മയും വൃദ്ധനായ അച്ഛനെ മകളുമാണ് വിധവയായ ഈ സ്ത്രീ. മകളുടെ പഠനം ,അവളുടെ ഭാവി ഇവയല്ലാതെ മറ്റൊന്നും ചിന്തയിൽ ഇല്ല. അവളുടെ ആവശ്യങ്ങൾ ഒന്നിൽനിന്ന് ഒന്നിലേക്ക് എന്നമട്ടിൽ അവർ ജീവിതം കണക്കുകൂട്ടുന്നു. ഉള്ള മണ്ണിൽ കൃഷി ചെയ്തും അച്ചാറും മറ്റും ഉണ്ടാക്കി വിൽക്കും. വിയർപ്പൊട്ടിയ കയ്യിൽ ചുരുട്ടി വച്ച നോട്ടുകളിൽ നോക്കി അവർ മക്കളെക്കുറിച്ച് സ്വപ്നങ്ങൾ കാണും.വളരെ ചെറുപ്പത്തിൽത്തന്നെ വിധവയായവരാണ് അവർ. പക്ഷെ ശരീരം എന്ന വൈകാരിക അസ്തിത്വം പോലും താൻ ഓർമിക്കാൻ ഇല്ലെന്ന് അവർ പറയുന്നിടത്ത്, ആ വാക്കുകളിലെ നിർവികാരത നമ്മളെ ഞെട്ടിക്കും. തനിക്കു തന്ന ഓവറിലെ ഡേറ്റ കുറഞ്ഞു പോയതിനെക്കുറിച്ച് കസ്റ്റമർ ക്ഷുഭിതൻ ആകുന്ന അതെ ഓഫീസിനു പിന്നിലെ അടുക്കളയിൽ മകൾക്ക് ഫീസടയ്ക്കാൻ വഴി കാണാതെ വിഷമിക്കുന്ന ഈ അമ്മയെയും കാണാം. മാന്യതയുടെ മുഖമുള്ള വരേണ്യവർഗ്ഗം പലപ്പോഴും പരതുന്നത് കീഴാളരുടെ ശരീരത്തിലെ സാധ്യതകളാണ്. അതുകൊണ്ടാണ് സഹായങ്ങൾ വാഗ്ദാനം ചെയ്യുന്ന ഡോക്ടർ അവളെ ഒറ്റയ്ക്ക് കിട്ടുമ്പോൾ തനിനിറം കാണിക്കുന്നത്. ഇത്തരം ജോലികൾ ചെയ്യുന്ന പാവപ്പെട്ട സ്ത്രീകളുടെ


മടികുത്ത് അഴിക്കാം എന്നത് മുതലാളിമാരുടെ ധാർഷ്ട്യമാണ്. അതേസമയം ഒന്നുറക്കെ നില വിളിച്ചിരുന്നെങ്കിൽ എന്ന മട്ടിലുള്ള ഭൂരിപക്ഷ പുരുഷ മനശാസ്ത്രത്തിൻെറയും മുനയൊടിക്കുന്ന മറ്റൊരു നല്ല പുരുഷ കഥാപാത്രത്തെയും കാണാം. സുരഭി ആണ് നമ്മെ അതിശയ പെടുത്തിയത്. സുരഭിയുടെ വേഷപ്പകർച്ച വളരെ റിയലിസ്റ്റിക് ആയിരുന്നു. പ്രതീക്ഷയുടെ തെളിച്ചം ,മകളോടുള്ള സ്നേഹം, അലച്ചിലുകൾ, എല്ലാം വളരെ ഗംഭീരമായി അവർ കൈകാര്യം ചെയ്തു. അലറിക്കരച്ചിൽ ഇല്ലാതെ വെളിപ്പെടുത്തുന്ന നഗര വേഗങ്ങളിൽ അവർ തൻെ സങ്കടങ്ങളേയും തന്നെത്തന്നെയും ഒഴുക്കി കളയുന്നു. ഒടുവിൽ മകൾ യാത്ര പറയുന്ന സമയത്ത് വരണ്ട കണ്ണുകളോടെ നിർവികാരയായി നിന്ന് സങ്കടത്തിൻെ കൊടുമുടിയിൽ മനുഷ്യർക്ക് കണ്ണുനീർപോലും ഇല്ലാതാകുന്നു എന്ന് പറയാതെ പറഞ്ഞ്, ഒരു കലാകാരി എന്ന നിലയിൽ സുരഭി മികവും തികവും തെളിയിക്കുന്നു . മറ്റു കഥാപാത്രങ്ങൾ സ്വാഭാവിക അഭിനയമാണ് കാഴ്ചവച്ചത്. ഈ സിനിമയുടെ സംവിധായകൻ അനിൽ തോമസാണ്. മൂവി മാജിക് ആണ് പ്രൊഡ്യൂസ് ചെയ്തത്. പശ്ചാത്തല സംഗീതം ഔസേപ്പച്ചൻ.

ഈ സിനിമ കണ്ടിറങ്ങുമ്പോൾ കരച്ചിൽ ഉണ്ടാകാത്തവർ വിരളം. അതുതന്നെഈ സിനിമയ്ക്ക് ലഭിച്ച അംഗീകാരമാണ്. പച്ചയായ അഭിനയം കാഴ്ചവച്ചതിന് സുരഭിക്ക് മികച്ച നടിക്കുള്ള ദേശീയ പുരസ്കാരവും ലഭിച്ചിരുന്നു. മിന്നാമിനുങ്ങ് മിന്നുന്നത് എന്തിനാണ് എന്ന ചോദ്യം ചെറുപ്പത്തിൽ നമ്മളേവരും ഒരുപാട് തവണ സ്വയം ചോദിച്ചിട്ടുണ്ട്. വലുതായപ്പോൾ ആ ചോദ്യത്തിന് ഉത്തരം കിട്ടുകയില്ല.

പകരം ചോദ്യംതന്നെ ഇല്ലാതാവുകയാണ് ചെയ്യുന്നത്. മിന്നാമിനുങ്ങ് സിനിമ കാണുമ്പോൾ അതേ ചോദ്യം വീണ്ടും മനസ്സിൽ വരും നന്മയുടെ, സ്വാർത്ഥതയില്ലാത്ത സ്നേഹത്തിൻറെ ഇത്തിരിവെട്ടവുമായി നീങ്ങുന്ന ഭൂമിയിലെ കോടാനുകോടി മിന്നാമിനുങ്ങുകളെ കുറിച്ചാണ് ഈ ചിത്രം.



# വിദ്യാലയം



ഫാത്തിമത്തുൽ ജന്നത്ത് കെ.പി
9 A

അക്ഷരമുത്തുകൾ കോർത്തുവച്ച
മാലയാണിന്നെൻേറ വിദ്യാലയം.

അറിവിൻേറ ഓളങ്ങളലയടിക്കും
സാഗരമാണെന്റെ വിദ്യാലയം.


സൗഹൃദക്കൂട്ടിനു കാത്തിരിക്കും
പ്രിയ സഖിയാണെന്റെ വിദ്യാലയം.

ഓർമ്മതൻ ചില്ലയിൽ പൂത്തുനിൽക്കും
പൂവാടിയാണെന്റെ വിദ്യാലയം.

ജിവിതയാത്രയിലെന്നുമെന്നും
സ്നേഹപ്രകാശമീ വിദ്യാലയം.

# പണമല്ല വലുത്......

## കഥ



ഷഹാന സലാം.ഇ. 9 A

പണം....ഒരുപാട് പണം വേണം....എന്ന് പറഞ്ഞു കൊണ്ടാണ് രാമു എഴുന്നേറ്റത്. അവന്റെ സ്വപ്നങ്ങളിൽ മുഴുവൻ പണം മാത്രം...അന്നുമുതൽ പണമു

ണ്ടാക്കുക എന്നതായിരുന്നു അവന്റെ ലക്ഷ്യം.ഒരു കട തുടങ്ങി.പിന്നീട് ആ കടയി

ലെ ലാഭം കൂടിക്കൂടി വരാൻ തുടങ്ങി.പക്ഷെ പണമുണ്ടാക്കുന്നതിനിടയിൽ അവൻ

സ്നേഹം എന്താണെന്നത് മറന്നു.മറ്റുള്ളവരെ പറ്റിച്ചിട്ടായാലും പണമുണ്ടാക്കുക എ

ന്നതായി അവൻെ ലക്ഷ്യം.വലിയ ധനികനായതിനാൽ സഹായം തേടി പലരും

രാമുവിന്റെ വീട്ടിലെത്താറുണ്ടായിരുന്നു.അവരെയൊക്കെ രാമു ആട്ടിയിറക്കുമായിരു

ന്നു.രാമുവിനോട് അടുപ്പമുള്ളവരൊക്കെ വിവാഹജീവിതത്തെക്കുറിച്ച്

അക്ഷരപ്പട്ടം

രാമുവിനോട്

പറയാൻ തുടങ്ങി.വിവാഹം കഴിച്ചാൽ അവർക്ക് വേണ്ടി ഒരുപാട് പണം ചിലവഴി
ക്കേണ്ടി വരും എന്ന കരുതൽ രാമുവിനെ വിവാഹത്തിൽ നിന്നും പിൻതിരിപ്പിച്ചു.

വർഷങ്ങൾ ഒരുപാട് കടന്നുപോയി.രാമുവിന്റെ ബിസിനസൊക്കെ കുറഞ്ഞുവന്നു.പണം നഷ്ടപ്പെടാൻ തുടങ്ങി.രാമുവിന് ഒരുപാട് കടമുണ്ടാക്കേണ്ടി വന്നു.അവന്റെ കടകൾ അടക്കേണ്ടിവന്നു.അറുത്തകൈക്ക് ഉപ്പുതേക്കാത്ത രാമുവിനെ സഹായിക്കാൻ ആരും തയ്യാറായില്ല.ഒരു ദിവസം രാമുവിന് ചെറിയ തലകറക്കം ഉണ്ടായി.ഡോക്ടറെ കാണിച്ചപ്പോളാണ് മനസ്സിലായത് മാരകമായ ക്യാൻസർ എന്ന രോഗം രാമുവിനുണ്ടെന്ന്. സഹായിക്കാൻ ആരെങ്കിലുമില്ലാതെ ജീവിക്കാൻ കഴിയില്ലെന്ന്ഡോക്ടറുടെ സംസാരത്തിൽ നിന്നുംരാമുവിന് മന സ്സിലായി.മരുന്ന് വാങ്ങാൻ പോലും രാമുവിന്റെ കയ്യിൽ പണമില്ലായിരുന്നു

പിന്നീടങ്ങോട്ട് ദുരിതമായിരുന്നു രാമുവിന്റെ ജീവിതം.മരണം തന്നെ തേടിവരാറായി എന്ന് രാമുവിന് മനസ്സിലായി.തന്റെ ജീവിതം വെറുമൊരു പരാജയമാണെന്നും ജീവിതത്തിൽ പണമല്ല വലുതെന്നും പണത്തേക്കാൾ വലുതായി മറ്റുപലതും ജീവിതത്തിലുണ്ടെന്നും രാമുവിന് മനസ്സിലായി. പക്ഷെ

അത് മനസ്സിലാവുമ്പോഴേക്കും മരണം അയാളെ തേടി വന്നിരുന്നു.....

# ക്വിസ്സ്



## ചോദ്യങ്ങൾ

മുഹമ്മദ്സിഹാൽ സി
9 A

1- ഇന്ത്യയെ കണ്ടെത്തൽ എന്ന പ്രസിദ്ധ ഗ്രന്ഥം രചിച്ചതാര് ?

2-കേരളത്തിലെ സുഭാഷ് ചന്ദ്രബോസ് എന്നറിയപ്പെടുന്ന വ്യക്തിആര് ?

3-ആധുനിക അശോകൻ എന്ന ബഹുമതിക്ക് അർഹനായ തിരുവിതാംകൂർ രാജാവ് ആര് ?

4- ഗുജറാത്ത് സിംഹം എന്നറിയപ്പെടുന്ന ദേശീയ നേതാവ് ?

5- മൈ ടൈംസ് എന്ന കൃതി ആരുടെ ആത്മകഥയാണ്

6- 'ജയ് ജവാൻ ,ജയ് കിസാൻ' എന്ന മുദ്രവാക്യം ആരുടേതാണ് ?

7- സുഭാഷ് ചന്ദ്രബോസിന് ദേശ് നാക് എന്ന ബഹുമതി നൽകിയത് ആര് ?

8- ക്വിറ്റ് ഇന്ത്യ സമരം നടന്നത് എപ്പോഴാണ് ?

9- സതി നിർത്തലാക്കിയ വർഷം ?

10-കേസരി എന്ന പത്രം ആരഭിച്ചത് ആര് ?

# ഉത്തരങ്ങൾ

1. ജവഹർലാൽ നെഹ്റു
2. മുഹമ്മദ് അബ്ദുറഹ്മാൻ
3. മാർത്താണ്ഡവർമ്മ
4. സർദാർ വല്ലഭായ് പട്ടേൽ
5. ജെ പി കൃപലാനി
6. ലാൽ ബഹദൂർ ശാസ്ത്രി
7. രവീന്ദ്രനാഥ ടാഗോർ
8. 1942 ആഗസ്റ്റ് 9
9. 1829
10. ബാലഗംഗാധരതിലകൻ

# നിഴലിച്ച ജീവിതം

**കവിത**



**കാളിദാസ്.വി 9.C**

നിഴലുപോൽ ആടുന്നു, യെൻ മുന്നിൽ ജീവിതം
ആകെ ഇരുണ്ടും പ്രകാശിച്ചു മെപ്പോഴും
ജീവിതം എപ്പോഴും തീവണ്ടിയെന്ന പോൽ
തിക്കിയും തിങ്ങിയും സഞ്ചരിച്ചു .
ഏകനായി ഞാൻ നിന്നു, ജീവിതം മുന്നോട്ട്
തള്ളിയും നീക്കിയും ഞാൻ കളഞ്ഞു
ഞാനിന്നും ഓർക്കുന്നു ബാല്യത്തിൽ എൻകളി-
കൂട്ടുക്കാരോടൊത്ത് ത്രസിച്ച നേരം
ബന്ധുമിത്രാതികൾ എന്നോട് കാണിച്ച
വാൽസല്യമെല്ലാം ഞാനോർത്തിരുന്നു
ആകെയും ഇപ്പോഴും സന്തോഷമാണ്
ജീവിതം മുന്നോട്ടു നീങ്ങിടുന്നു.
എന്നാലും ജീവിതം ഒരു രൂപ നാണയം
യെന്നപോൽ യെൻ മുന്നിൽ നിറഞ്ഞു നിന്നു
ദുഃഖവും സുഖവും, യെൻ ജീവിതത്തിന്റെ
കൂട്ടുക്കാരായി മാറിടുന്നു.
യൗവനത്തിൽ ഞാനിതാ വീണ്ടും ഇങ്ങനെ
ജീവിതം ഇങ്ങനെ നിങ്ങിടുന്നു.
വാർധക്യമായപ്പോൽ ഞാനിതാ മൂലയിൽ
തിങ്ങി നിരങ്ങി കിടപ്പിലായി
എന്തിനാണീ ജീവിതം ഇനിബാക്കി
ദൈവം എന്നെ അങ്ങെടുത്തു കൂടെ......

# ूतर देखने की ौंतजार.......

1 

Vinaya Chandran 10 E

रात आसमान को तारों से ओढंते हुआ धीरे-धीरे निकल पडा था । िसि समय रोहन आपने बाबू के साथ ूतसंव मैं जाने की पंरतोषा मैं था । सकुल से आते ही ूसने आपनआ बसता आपने कूसी मे कैक दिया था । ूतसव सिँफं दो दिन का था ओर आज ही  खतम हो जाडगा । आचानक फोणँ बजन लगा । माँ ने फोणँ ूडाया ।

बाबु ,”हलो, रोहन को बता देखा की आज मैं देर ही आऊँगा। आगले बार हम जंरुर जाँडागा। माँ,”ठीक है। मैं ूससे बता देती हूँ ।" रोहन का दिल टुट गया । ूसने आपने ूदास दिल से घर के आंदर आपने आप को बदं कर दिया ।ूस दिन वह कूछ नहीं खाया । मां भी परेशान थी। ूसने किसी से बात नहीं की । आगले दिन वह घर से सकुल निकल पडा। बाबु के बारे में पुचछा तक  नहीं। माँ ओर रोहन का चेहरा ूदासी से डूब गता। ूस जंमाने में पुलिसवाले सिफ आमीरों के गुलाम थे।ीसलिै रोहन ओर माँ को ैतजार करने के आलावा ओर कौै चारा भी नही।सालो बीतगा रोहन बडा हो रहा था। बाबु नहीं लौटे । माँ

1

आपने मेहनत से आपने बेट्टा का खयाल रखा ैक कोणँ कोल केलि मा का दिल तप रहा था। सोलोँ से आता जाता रहा । पर रोहल ओर माँ घर पर हीरू के रहे । रोहन ैक आचछा आँफिसर बन गया। आचनक ैक दिन ूनहोंने आखबार में फौटौं को छपवाया गया। आगला दिन रोहन को घर में ैक चिटेटी िआ। वह तीहार जयिल में थे । वे रोहन के बाबू को पेहचान पडा। ूनको किसी आदंगवादी पुलिसवोलों बंदुक से मार डालने वालों थे। पर रोहन के बाबू वापिस लौट पाडा। वापिस आते ही ौनको ैकही बात में जिंद की थी की ौनकौ ूतसव में जाना था। बाबू के साथ ूतसव देखने के लिै रोहन ने आपने आँसू से भरी आँखों से कहा " आगर हम किसी काथ को मिलने के लिै सचचौ दिल से परतीषा करें तो डह जंरुर सफल हो जौगा ,”जंरुर बेटा , जंरुर ओर दोनों रोहन के बाबू की ओर देखकर आँसू पोछने लगे।

ജില്ലാതല സ്കൂൾ കലോത്സവത്തിൽ ഹിന്ദി ഉപന്യാസത്തിൽ മൂന്നാം സ്ഥാനവും കവിതാരചനയിൽ A ഗ്രേഡും കരസ്ഥമാക്കിയ കലാകാരി.

അക്ഷരപ്പട്ടം

# മഹദ് വചനങ്ങൾ



**നന്ദന കെ.കെ** 9 D

. സത്യം സൂര്യനെ പോലെയാണ് മറച്ചു വെക്കാൻ പറ്റില്ല

-എൽവിസ് പ്രസ് ലി

. വരാനുള്ളത് വരട്ടെ പോകാനുള്ളത് പോകട്ടെ എന്ത് ശേഷിക്കും എന്ന് കാണാം

- രമണമഹർഷി

. മാഞ്ഞുപോയ സൂര്യനെ കുറിച്ചാണ് നിങ്ങൾ കണ്ണീർ പൊഴിക്കുന്നതെങ്കിൽ നക്ഷത്രങ്ങളെയും നിങ്ങൾക്ക് കാണാനാവില്ല

- രവീന്ദ്രനാഥടാഗോർ

. ദിവസത്തിലൊരിക്കലെങ്കിലും നിങ്ങൾ സ്വയം സംസാരിക്കുക അല്ലെങ്കിൽ ലോകത്തെ ഏറ്റവും മികച്ച ഒരു വ്യക്തിയാണ് നിങ്ങൾക്ക് നഷ്ടപ്പെടുക

- സ്വാമി വിവേകാനന്ദൻ

## അക്ഷരപ്പട്ടം

. ചരിത്രം സൃഷ്ടിക്കാൻ ആർക്കുമാവും എന്നാൽ അതെഴുതാൻ ഒരു മഹാൻ തന്നെ വേണം

- ഓസ്കാർ വൈൽഡ്

. യഥാർത്ഥ മികവ് എന്നെന്നും നിലനിൽക്കും

- അസിം പ്രേംജി

. സംഘർഷങ്ങൾ ഉടലെടുക്കുന്നതും ഒടുങ്ങുന്നതും മനസുകളിലാണ്

-ആമോസ് പോസ്റ്റ്

. വാക്കുകൾ പരാജയപ്പെടുന്നിടത്ത് സംഗീതം സംസാരിക്കുന്നു

- ഹാൻസ് ക്രിസ്ത്യൻ ആൻഡേഴ്സൺ

. നേതാവിൻറെ ചെവി ജനങ്ങളുടെ ശബ്ദമായിരിക്കണം

-വുഡ്റോ വിൽസൻ

. നിങ്ങളും ലോകവും തമ്മിലുള്ള സംഘർഷത്തിൽ ലോകത്തെ പിന്തുണയ്ക്കൂ

-ഫ്രൻസ് കാഫ് ക

# IMPORTANCE OF SPORTS



**Abhinav T 9 D**

Sports are very important for one's life and participation in sports always should be encouraged. Participation in sports make us active,
healthy and fit also for the development of our social and physical skills. The most common saying “healthy mind lives in a healthy body”is so true because for a man to be successful his physical as well as mental state should be well. SPORTS Are the greatest source of recreation .Sports remove stress and provides relaxation to our mind and body. Participating in sports help us to tackle the problems such as hardships, hurddesand sudden mysteries etc. Sports improve the blood circulation of our body too. Sports improve our efficiency also. Sports increase the team spirit quality in a human being. Sports are generally played as a form of two competitive studies that could do to the team or to an individual. There are various types of sports. Games are categorized as indoor games and outdoor games. Indoor games are the games which can be played inside the home such as carroms, chess, ludo, sudoku etc. And outdoor games are the games which can be played outside the home such as football, cricket,basketball,volleyball,hockey etc..

Sports are very important for kids as they are helpful in their growth process and provide good health and fitness. One must also
play brain or mind games such as sudoku, ludo etc. to increase the
mental process and concentration. The olympic games are also organised for sports persons indicating that sports is really important

in one's life. Many indoor and outdoor games are there in olympic games. The first olympic games was held in Athens in the year 1896 and after that olympic games are organized after every four years. Different countries are included in Olympic games  all over the world. Now a days there is an increase in demand for the indoor games such as playing video games, watching TV, using mobile phones,which are affecting and harming the children and the youth involved in playing the indoor and outdoor games for the entertainment as well as for having fit body. The sports competition held in their schools and colleges help the children to mould their body,get them appraisal in society and improve their health.

# QUIZ



KASHYAP KRISHNA 9D

- Which is the slowest train in India?
  Nilgiri mountain train
- India's most beautiful city?
  Indoor,Madhyapradesh
- Who is the first Reserve Bank Governor?
  Sir Osbon Smith
- Who got the Balendiover award in 2018?
  Luka modric
- The study of sound?
  Acoustics
- Which parliment is known as the Mother of Parliment?
  British parliment
- The year in which Goa got independence from the Portugese?
  1961
- Who is known as the Subhash Chandrabose of Kerala?
  Muhammad Abdul Rahman
- When did Chauri-Chaura incident take place?
  1922 february
- Where did Gandhi and Nehru meet first?
  At  Lucknow

# പ്രളയാനന്തര കേരളം



## ഉപന്യാസം

**വിബിന എം വി 10 C**

പുതുമകൾക്ക് എന്നും വരവേൽപ്പ്.കൈനീട്ടി ഓരോന്നും സ്വീകരിക്കുമ്പോഴും പഴമ മറന്നു പോകുമ്പോഴും.നമുക്കായി പ്രകൃതി കാത്തുവയ്ക്കുന്നതിനെ രണ്ടുകൈയും നീട്ടി സ്വീകരിക്കാൻ നാം ബാധ്യസ്ഥരാണ് .ഒരുപക്ഷെ വീഴുന്നതിനെ വീണ്ടും പടുത്തുയർത്താനായി സഹായഹസ്തങ്ങൾ ഇല്ലെന്നുവരാം പക്ഷേ ജീവിച്ചേ പറ്റൂ.

കേരളം മലകളും കുന്നുകളും നിറഞ്ഞ നമ്മുടെ മലനാട് ഒരുപക്ഷെ നമുക്കായികാത്തുവച്ച പച്ചപ്പകിട്ടാർന്ന കേരളത്തിന്റെ സൗന്ദര്യം.പരശുരാമന്റെ മഴുവിനാൽ തീർക്കപ്പെട്ട കേരളത്തിന്റെ സൗന്ദര്യത്തെക്കുറിച്ച് പറയാത്തവരായി ആരുണ്ട്. പക്ഷെ നാം ഇന്ന് അനുഭവിക്കുന്ന ജീവിതത്തിന് എന്ന് കരകയറ്റം ഉണ്ടാകും.സംസ്കാരവും സൗന്ദര്യവും സ്നേഹവും ഒത്തൊരുമിച്ച കേരളത്തിന്റെ നിലവിളി എന്നാണ് അവസാനിക്കുക.പ്രകൃതി നമ്മോട് കലിതുള്ളുകയാണ്.' പ്രളയം 'അത് ഒരു കലിഅവതാരം പൂണ്ടപ്പോൾ തകർക്കപ്പെട്ടത് കുറേപേരുടെ സ്വപ്നങ്ങളാണ് തിരികെ പിടിക്കാൻ പാടുപെടുന്ന ഒരുകൂട്ടം ജീവിതങ്ങളുടെ കഷ്ടപ്പാടുകളാണ്.

ഡാമുകൾ ഓരോന്നും അവയുടെ ഷട്ടറുകൾ ഓരോന്നും

## അക്ഷരപ്പട്ടം

ഉയർത്തപ്പെടുമ്പോൾ കൂടിയത് ജലത്തിന്റെ പുറത്തേക്കുള്ള ഒഴുക്കിന്റെ വേഗത മാത്രമല്ല.കൂടെ ഉയർന്നത് ഹൃദയമിടിപ്പുകൾ കൂടിയാണ്. മഴയും പുഴയും ഒരുമിച്ച് കൂടിയപ്പോൾ അതിന്കിട്ടിയ ശക്തി കൊച്ചുകേരളത്തെ തകർക്കാൻ കഴിവുള്ളതായിരുന്നു. കെട്ടിപ്പടുത്ത തന്റെസ്വപ്നങ്ങൾ തകരുമ്പോൾ തനിക്ക് ഇനി ജീവിച്ചിരുന്നിട്ട് എന്ത് കാര്യം എന്ന് ചിന്തിച്ച ഒരുപാട് മനുഷ്യരുണ്ട്. വെള്ളവുംവെളിച്ചവും ഇല്ലാതെ പുതുവർഷത്തിൽ വിദ്യാലയത്തിൽപോകാൻ കഴിയാതെ വിഷമിച്ച ഒരുപാട് കുട്ടികളുണ്ട്. ഇന്നും കണ്ണീര് അടങ്ങിയിട്ടില്ല. തോരാത്ത കണ്ണീര്. സർക്കാർ വിദ്യാലയത്തിന്റെ ക്ലാസ് മുറികൾക്കുള്ളിൽ ഒരുമിച്ച് ജാതിമത ഭേദമെന്യേ കഴിയേണ്ട സാഹചര്യത്തിൽ പോലും എത്തിയവർ.മക്കളെ സർകാർ സ്കൂളുകളിൽ അയക്കാൻ മടികാണിച്ച രക്ഷിതാക്കൾ,ചളിയോ മണ്ണോ പറ്റിയാൽ അറപ്പുകാണിക്കുന്ന ജനങ്ങൾ
ഒരുമിച്ച് ഒന്നായി കഴിഞ്ഞപ്പോൾ സ്നേഹവും സൗഹൃദവും ഉയർന്നു.

ഇന്ന് പ്രളയ വിപത്തിന് ശേഷം കേരളത്തിന്റെശോചനീയാവസ്ഥ നമ്മുടെ കണ്ണിനെ നനയ്ക്കാൻ ഉതകുന്നതാണ്.സഹായഹസ്തങ്ങൾ ഒഴുകുകയാണ്. കേരളത്തിൽ ഒന്നിനു മാത്രമേ പഞ്ഞമില്ലാതെയുള്ളൂ. അത് കുട്ടനിലവികൾക്കാണ് .കരയുന്ന അമ്മമാരുടേയും വൃദ്ധരുടേയും മുഖങ്ങൾ മനസ്സിൽനിന്നും മായുന്നില്ല. കണ്ണീരൊപ്പാൻ ഓടിവന്നവരുടേയും കണ്ണീര് കൈവിട്ട് പോയി. ഗവൺമെന്റ് ഉണർന്നു പ്രവർത്തിച്ചു. അഭിനയലോകത്തെ മഹാ ഇതിഹാസങ്ങൾ സഹായഹസ്തങ്ങുമായി എത്തി. ഇന്ന് കേരളത്തിന്റെഅവസ്ഥ പ്രളയാനന്തര കേരളത്തിന്റെ അവസ്ഥ കരകയറുന്നതിനായുള്ള കച്ചിത്തുരുമ്പ് കാത്തിരിക്കുകയാണ്.

എത്രയെത്ര റോഡുകൾ, പാലങ്ങൾ, വീടുകൾ തകർന്നുവീണു.അവയുടെ പുരോഗതിക്കായി.എത്രയെത്ര നാട്ടുകാർ ഓടിവന്നു.പൊതുപ്രവർത്തകർ, മന്ത്രിമാർ,എം എൽ എ മാർ ഇങ്ങനെ നാം അറിയുന്നതും അറിയപ്പെടാത്ത വരുമായ ഒരുപാട്പേർ സ്വന്തം ജീവിതം തന്നെ മാറ്റിവച്ച ധീരൻ ഹെലികോപ്റ്ററുകളുടെ മുഴക്കം

## അക്ഷരപ്പട്ടം

പട്ടാളത്തിന്റേയും പോലിസിന്റേയും
സേവനം കര നാവിക വ്യോമസേനക്കാർ ഒരുമിച്ച പ്രവർത്തനം വിജയം കൈവരിക്കാൻ സാധിച്ചു.'യൂത്ത് ബ്രിഗേഡ് ' എന്ന പേരിൽ വെള്ളത്തിൽ നശിച്ചവരുടെ അടുത്തേക്ക് ആൾക്കാരെ അയച്ചുകൊണ്ട് പ്രവർത്തനം. വീടുകൾ തോറുമുള്ള ധനസമാഹരണം. മാധ്യമ പ്രവർത്തകരുടെ ഇടപെടൽ, പൊട്ടിയ ലൈനുകൾ പുനഃസ്ഥാപിക്കാനുള്ള ഇലക്ട്രിക് ബോർഡിൻറെ തീവ്രമായ പരിശ്രമം, ഓട്ടോ ഡ്രൈവർമാരുടേയും ബസ് ജീവനക്കാരുടേയും തട്ടുകടക്കാരുടേയും കുടുംബശ്രീയുടേയും ബാലസഭയുടേയും സഹായം. ഇങ്ങനെ സഹായങ്ങൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള സംഭാവന.

ഒപ്പം മറ്റു രാജ്യങ്ങളും അറേബ്യൻ രാജ്യങ്ങളും മറ്റ് സംസ്ഥാനങ്ങളും തമിഴ്നാട് സർക്കാർ നൽകിയത്പത്തു കോടിയാണ്.തെലുങ്കാന സർക്കാർ നൽകിയത് മൂന്ന കോടിയും സാധനങ്ങളും.ഗാന്ധിയൻ കാലത്ത്
നടപ്പാക്കിയതുപോലുള്ള മുഖ്യമന്ത്രിയുടെ സാലറി ചലഞ്ച്.1950 ന ശേഷം
കേരളം അഭിമുഖീകരിച്ച പ്രളയവും 2004 ൽ ഉണ്ടായ സുനാമിയും നേരിട്ടതിനേക്കാൾ കൂടുതൽ ഊർജസ്വലതയൊടെ ജനങ്ങൾ പ്രവർത്തിച്ച
രക്ഷാപ്രവർത്തനങ്ങൾക്കായി മന്ത്രിമാരുട ഓഫീസിന്റെ പ്രവർത്തനം.
ഇങ്ങനെ ഒറ്റക്കെട്ടായി നീങ്ങി ജനങ്ങൾ.

മഹിളാഅസോസിയേഷൻറെ നേതൃത്വത്തിൽ ഒരു വീട്ടിലേക്കുള്ള പാത്രങ്ങൾ നൽകിയുള്ള പ്രവർത്തനം. ലോകത്തിൻറെ വിവിധ ഭാഗങ്ങളി-
ലുള്ള മലയാളി പ്രവാസികൾ ഓണാഘോഷം മാറ്റിവെച്ച് സാധനങ്ങൾ അയച്ചു.മലയാളികൾ ഓണം ആഘോഷിക്കുമ്പോഴും ദുരിതബാധിതരെ മറക്കാതെ മലയാളികൾ. ഇങ്ങനെ സഹായങ്ങളുടെ ഒരു ഘോഷയാത്ര തന്നെയായിരുന്നു. കേരള സർക്കാർ ആവശ്യപ്പെട്ടത് 2000 കോടി.

എന്നാൽ കേന്ദ്രം വാഗ്ദാനം ചെയ്തത് 600 കോടി .സഹായങ്ങൾ പലതും നൽകപ്പെട്ടു. സർക്കാർ പ്രധാനപ്പെട്ട രേഖകൾ നഷ്ടപ്പെട്ടവർക്ക് അത് എത്തിച്ചുകൊടുക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. റേഷൻകടകളിൽ പ്രളയബാധിതർക്ക് സൗജന്യമായി അഞ്ച് കിലോ അരി നൽകി. വീട് നഷ്ടപ്പെട്ടവർക്ക് പുതിയ വീട് നിർമ്മിച്ചു കൊടുക്കാമെന്നും വാഗ്ദാനം ചെയ്തു.

ഉരുൾപൊട്ടലും മണ്ണിടിച്ചിലും കൊണ്ട് മരിച്ചവരുടെ എണ്ണം 800 കടന്നു. ഒറ്റപ്പെട്ടവർ കായി സർക്കാരുകൾ മുൻകൈയെടുത്തു. ഇങ്ങനെ പ്രളയത്തെ ധൈര്യത്തോടെ നേരിട്ട് ഇതിനെ നാം തള്ളിമാറ്റി. എന്നാൽ കേരളത്തിൻറെ നെല്ലറയായ കുട്ടനാട് ഒരുമണി നെല്ലി ല്ലാതെ വെള്ളപ്പൊക്കത്തിന് പ്രകടനത്തിൽ പാടെ നശിച്ചു പോയി. എറണാകുളം സത്യത്തിൽ കുളമായി. തൃശ്ശൂരും വയനാടും തകർന്നപ്പോൾ കൂട്ടിലേക്ക് സ്നേഹം പകർന്ന വരായി ജനങ്ങൾ. ഇനി കേരളത്തിൽ എടുക്കുന്നവീടുകൾ മുളയും പൊട്ടിയ മരവും കൊണ്ടുള്ളതാണ്. നാശമില്ലാത്ത വീടുകൾ! പ്രകൃതിയോട് ഇണങ്ങിയ വീടുകൾ! ഈ ഇടയ്ക്ക് നമ്മെ സന്തോഷപ്പെടുത്തിയ ഒരുവാർത്തയാണ്. വെള്ളത്തിനൊപ്പം ഉയരുന്ന പ്ലാസ്റ്റിക് തറയോടു കൂടിയ വീടുകളുടെ അവതരണം നടത്തി 3 എൻജിനീയർമാർ മാതൃകയായി. പ്ലാസ്റ്റിക്കിനെ വേണ്ടവിധത്തിൽ ഉപയോഗിക്കാനുള്ള ഒരു മാർഗം കൂടിയാണിത്. വെള്ളം കയറുമ്പോൾ ഇത്തരത്തിലുള്ള വീടുകൾ വെള്ളത്തിനൊപ്പം ഉയരും. ഇങ്ങനെയെങ്കിൽ പ്രളയത്തെ നമുക്ക് നേരിടാം.

നമ്മുടെ പ്രളയം പരിസമാപിച്ചു എന്ന് പറയാൻ പറ്റുമോ എന്നറിയില്ല. പക്ഷേ ഇതൊക്കെ നമ്മുടെ ചെയ്തികൾ കാരണം സംഭവിച്ചതാണ്. നാം

## അക്ഷരപ്പട്ടം

ചെയ്തുകൂട്ടിയഓരോന്നുംവത്തിൻറെകണക്കുപുസ്തകത്തിൽ അക്കമിട്ട്എഴുതിയിട്ടുണ്ടാകും. അതിൻറെപരിധി കടക്കുമ്പോൾ ദൈവം ആഞ്ഞടിക്കാം. അത് നമുക്ക് താങ്ങാൻ കഴിയില്ല. അതിനു ഉത്തമോദാഹരണമാണ് നാം ഈ വർഷം അനുഭവിച്ച പ്രളയം. അത് വീണ്ടെടുക്കാൻ കഴിയണം. എങ്കിൽമാത്രമേ നമുക്ക് ജീവിക്കാൻ കഴിയൂ. സന്തോഷവും സ്നേഹവും നിറഞ്ഞ ജീവിതത്തിൽ ഇടിത്തീ പോലെ വന്ന പ്രളയം നമ്മുടെ സന്തോഷമൊക്കെ കവർന്നെടുത്തപ്പോൾ ബാക്കിവന്നജീവിതത്തിൽ എന്തിനൊക്കെയോ വേണ്ടി നെട്ടോട്ടമോടുന്ന ജനങ്ങളുടെ മുഖമാണ് തെളിയുന്നത്. ഈ ദുരന്തത്തിന്റെ കാഠിന്യത്തിലും കുറ്റപ്പെടുത്തലുകളും ആക്ഷേപങ്ങളും നേരിട്ട ഒരുപാട് പേരുണ്ട്. എങ്കിലും കടമകൾ മറക്കാൻ കഴിയാത്തവർ തങ്ങൾക്ക് കഴിയുന്ന സഹായങ്ങൾ എത്തിച്ച കൊണ്ടേയിരിക്കുന്നു.

ഇതാണ് നമുക്ക് വേണ്ടത്. വേദനിക്കുന്നവരുടെ കൂടെ കൂടാനും അവരുടെ കണ്ണീരൊപ്പാനും ഉള്ള മനസ്സ്. എങ്കിൽ മാത്രമേ നാം വലിയവൻ ആകൂ.നാം ചെയ്ത തിന്മകൾ അതൊരുപക്ഷേ തെറ്റ് ചെയ്യാത്തവർക്ക് ആയിരിക്കാം നേരിടേണ്ടിവരിക. നാം ചെയ്ത തെറ്റുകൾ തിരുത്താനുള്ള അവസരമാണിത്. നാം തിരിച്ചറിയണം ഇത് കണ്ടെങ്കിലും പഠിക്കണം. ഇനി തെറ്റുകൾ ചെയ്യാതിരിക്കാൻ ശ്രമിക്കണം. അതാവണം നമ്മുടെ ലക്ഷ്യം. ഒത്തൊരുമിക്കാം നമുക്ക് കേരളത്തിന്റെ പുനർജന്മത്തിനായി.

# പ്രയാണം



**കവിത**

**വൃന്ദ വിനു 10 E**

ഊറ്റി എടുക്കപ്പെട്ട വരണ്ട നാരുകളുടെ തണലിൽ അറിഞ്ഞത്
അശക്തമായ കൺപീലികൾ ചലിച്ചു തീരുന്നതിനു മുൻപേ
ഇടറി വീണ കൽച്ചുമരിൽ എരിഞ്ഞടക്കപെട്ട
നിറക്കൂട്ടുകൾക്ക് മുമ്പേ
ഒളിമങ്ങിയ താളങ്ങൾ തീക്ഷ്ണതയാർന്ന്
മദിക്കുന്നതിന് മുൻപേ.

തിളച്ച രക്തത്തിൻറെ കറുത്ത ഗന്ധം ബാക്കി വെച്ചത്
അരനൂറ്റാണ്ട് പഴക്കം വന്ന സ്വപ്നം
നിലച്ച ധമനിയിലെ മരിച്ച ശബ്ദം ബാക്കിയാക്കിയത്
കുത്തിമുറിച്ച കനവിന്റെ നോവ്
പിടഞ്ഞു തീർന്ന ശ്വാസം നൽകിയത്
കണക്കുവെച്ച പ്രണയത്തിൻറെ ചിത്രം.

അതിലേറെ അറിഞ്ഞത് അനുഭവിക്കപ്പെട്ടത്
അടിച്ചമർത്തിയ സ്വപ്നത്തിനും പ്രയാണത്തിനും
പ്രയാസത്തിനും മുകളിൽ ശക്തിയാർജ്ജിച്ച്

ഉയിർത്തെഴുന്നേൽക്കപ്പെട്ടത്
പിടച്ചു തീരുന്നതിനു മുൻപേ ഹൃദയം
രൂപപ്പെടുത്തിയെടുത്തപഴങ്കഥകൾ.....
മാന്ത്രികമായ സൃഷ്ടി വൈകല്യങ്ങൾ......[2]

---

2 സ്കൂൾ കലോത്സവത്തിൽ ഒന്നാം സമ്മാനാർഹമായ കവിത

# IT BENEFITS




ANANYA M V

We are constantly bombarded with facts and figures these days. Most of this data is of no use to us. we may be interested only in some amount of this data for our work. Filtering of the raw data is imperative to weed out the irrelevant aspect, and provide us with only those data that are useful. This useful data, extracted from raw data ,is known as Information. IT stands for information technology; the technology that enables us to access information at the fastest possible speed. Event till a few years back ,the most important media of information collection/ distribution where newspapers, radio and the post and telegraph system. Conveying of information via phone was limited to the elite class as exorbitant cost was the prohibitive factor. Only in the last decade, with the don of emails and the Internet ,IT has undergone revolutionary changes. IT is now possible to access almost all information across the globe at the click of a button sitting at your workplace or in your house almost instantaneously. The usefulness of IT in modern times cannot be underestimated. It pervades all strata of society. Commerce over the Internet is a

reality now a days within the fruition of e-commerce.

It has introduced the concept of paperless offices. With less usage of papers, it implies reduced felling of trees for making news print. Thus IT will help lessen destruction of forests, and thus protect our environment.  Since all, including the common man, will reap the benefits of this technology, IT certainly going to be a major contributing force which can change the lives of the people.

# മലയോരക്കാഴ്ച്ചകൾ



**ഫാത്തിമത്തുൽ ജന്നത്ത് കെ.പി 9 A**

അങ്ങ് പടിഞ്ഞാറൻ മലയോരത്ത് കുന്നിൻ ചെരുവിലൂടെ ഒഴുകുന്ന തെക്കൻ കാട്ടരുവി.കേരം തിങ്ങി നിറഞ്ഞ മലയോരത്ത് നല്ല തെക്കൻ കുളിർക്കാറ്റെന്നും വീശുമായിരുന്നു.കൊച്ചു കൊച്ചു ഓല മേഞ്ഞ വീടുകൾ പുൽമൈതാനത്ത് എത്തിനിൽക്കുന്നതായിതോന്നുംകാട്ടരുവിയില്നിന്നുംതേൻകുടിക്കുന്ന പോാട്ടനവധി ചെറു പൈങ്കിളികളും കൊച്ചു മൃഗങ്ങളും വെള്ളം കുടിക്കാനായി വന്നു തിങ്ങിക്കൂട്ടുംഅതിശോഭയാർന്നപൂക്കൾതങ്ങളുടെസൗന്ദര്യത്താൽതലഉയർത്തിനിൽക്കുന്നുആർക്കുംതണപ്പാർന്നളിരേകി ഒഴുകിയെത്തുന്ന കുളിർക്കാറ്റ് മറക്കാനാവാത്ത അനുഭൂതി നൽകുന്നു.അതിമനോഹരവും കൺക്കുളിർക്കെ കണ്ടാലും മറക്കാനാവാത്ത മലയോരക്കാഴ്ച്ചകൾ എന്നും മനസ്സിൽ പതിഞ്ഞിരിക്കും.

[3]



# GOOD TEACHER

**Anandu N A 10 E**

The beauty of hills and valleys
once cry, in the tune of sigh
that was a dead call for all

you make our souls as soul
all the sounds of hops of ambulance
echoed in every minds as one
our hearts fly as a dare

send by nob centuries before
when you embraced the world the day
you changed the heart of all
in your strong current of flow

the beauty of nature once cry aloud

---

3 സബ്ജില്ലാ കലോത്സവത്തിൽ സമ്മാനർഹമായ കവിത

the born  alone
all are cursing you but for me
you are caution from lord

the rocks and pebbles you brought down
shine in the brightness of unite
all the bells chorus and prayer
to which we go for peace

merge together and soured as
the voice of love and care
all are tied together in the
gum you brought down from god

remind us all as the symbol of ore
who ruled room in twenty year
you bring humanity and love to us
which you forgotten and far from
us,that pared way
for your  arrival.....!

# പ്രപഞ്ചംഉണ്ടായതെങ്ങനെ ?

## ലേഖനം



**ശ്രീഗോവിന്ദ് പി കെ 10 D**

ഗ്രഹങ്ങളും നക്ഷത്രങ്ങളും ഗാലക്സികളും മറ്റും അടങ്ങുന്നതാണ് പ്രപഞ്ചം. ഗ്രഹങ്ങൾ സ്വയം ഭ്രമണം ചെയ്യുകയും സൂര്യനെ പ്രദക്ഷിണം ചെയ്യുകയും ചെയ്യുന്നു. സൂര്യൻ സ്വയം ഭ്രമണം ചെയ്യുന്ന ആകാശഗംഗ എന്ന ഗാലക്സിയിലെ ഒരംഗമായ സൂര്യൻ മറ്റു നക്ഷത്രങ്ങളെ പോലെ പരിക്രമണം ചെയ്യുന്നു.വികസിച്ചുകൊണ്ടി- രിക്കുന്ന ഒരു പ്രപഞ്ചത്തെയാണ് ശാസ്ത്രകാരന്മാർ അവതരിപ്പിക്കുന്നത്. പ്രപഞ്ചത്തിന്റെ ഈ വികാസത്തെക്കുറിച്ച് അതിൻറെ ഉല്പത്തി കഥയുണ്ട്. കോടാനുകോടി വർഷങ്ങൾക്കുമുമ്പ് പ്രപഞ്ചമാകെ കേന്ദ്രീകരിച്ചിരിക്കുന്ന ഒരു ബ്രഹ്മാണ്ഡമുണ്ടായിരുന്നു. അതിലെ ഉന്നത മർദ്ദം ഹേതുവായി പൊട്ടിത്തെറി- ക്കുകയുണ്ടായി എന്നാണ് ശാസ്ത്രപരമായ കണ്ടുപിടുത്തം.

ഈ പൊട്ടിത്തെറി 'മഹാവിസ്ഫോടനം' എന്നപേരിലാണ് കോസ്മോളജി യിൽഅറിയപ്പെടുന്നത്. ഇന്നത്തെ പ്രപഞ്ചത്തിന്റെ സൃഷ്ടിയെ സംബന്ധിച്ച ഈ പരികല്പന 'മഹാവിസ്ഫോടന സിദ്ധാന്തം' എന്നറിയപ്പെടുന്നു. പ്രപഞ്ച ചരിത്രത്തിൽ ഇത് പലവട്ടം ആവർത്തിക്കാമെന്ന അർത്ഥത്തിലാണ് ഇന്നത്തെ പ്രപഞ്ചം എന്ന സൂചന. മഹാവിസ്ഫോടനത്തെ തുടർന്ന് ചിതറിയ ദ്രവ്യമാണ് നെബുലകൾ ആയി പടർന്നത്. സൂക്ഷ്മ കണികകളുടെയും ഹൈഡ്രജൻ പോലുള്ള ലളിതകണങ്ങ ളുടെയും കോസ്മിക് കിരണങ്ങളുടെയും ഫലമായി സംജാതമായ നെബുലകൾ അകന്നു കൊണ്ടിരിക്കുന്നു. ഈ നെബുലകളിൽ നിന്നാണ് നക്ഷത്രങ്ങളും നക്ഷത്ര കുടുംബങ്ങളായ ഗ്യാലക്സികളും പിറന്നത്.സ്ഫോടനത്തിൽ നിന്ന് ലഭിച്ച ബലം ഗാലക്സികളെ അകറ്റി കൊണ്ടിരിക്കുകയും അങ്ങനെ പ്രപഞ്ചം വികസിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നുവെന്നാണ് മഹാവിസ്ഫോടനത്തിന്റെ ചുരുക്കം.

# വിസ്മയപ്രപഞ്ചം

## ചൊവ്വയിലെ അഗാധ താഴ്വര

കരയിൽനിന്ന് നോക്കുമ്പോൾ പേടി തോന്നുന്ന ഭൂമിയിലെ അഗാധഗർത്തമാണ് അരിസോണയിലെ ഗ്രാൻഡ് കാനോൻ. എന്നാൽ 5000 കിലോമീറ്റർ നീളത്തിലും 100 കിലോമീറ്റർ വീതിയിലും 7 കിലോമീറ്റർ ആഴത്തിലും ഉള്ള താഴ്വരകളാണ് ചൊവ്വയിലേത്.

ഭൂമിയിൽ വെള്ളപ്പൊക്കം കാരണം ഇത്തരത്തിലുള്ള കുഴികൾ

ഉണ്ടാകാറുണ്ട്. കൊളറാഡോ നദി ഉണ്ടാക്കിയതാണ് അരിസോണയിലെ ഗർത്തങ്ങൾ. ചൊവ്വയുടെ ഉപരിതലത്തിൽ ജലമൊട്ടില്ലതാനും. ഉള്ളവ ഖനീഭവിച്ച് ഐസ് ആയിട്ടുണ്ടാവും.അന്തരീക്ഷത്തിലും ജലമില്ല.ചൊവ്വയിൽ നാലു വലിയ പർവ്വതങ്ങൾക്കിടയിലാണ് ഈ അപൂർവ ദൃശ്യങ്ങൾ കാണാൻ കഴിയുന്നത്

## ബുധനിൽ കാണാം ഇരട്ട സൂര്യോദയം

നാസ വിക്ഷേപിച്ച മെസഞ്ചർ ബഹിരാകാശ വാഹനമാണ് സൗരയൂഥത്തിലെ ഈ കാഴ്ചയുടെ അടുത്ത ദൃശ്യം നൽകിയത്. സൂര്യോദയത്തിന് ശേഷം സൂര്യൻ പെട്ടെന്ന് അസ്തമിക്കുകയും വീണ്ടും ഉദിക്കുകയും ചെയ്യുന്നു.ബുധനിൽ കണ്ടുവരുന്ന ഈപ്രതിഭാസത്തിന് കാരണം അതിന്റെ ഭ്രമണം ആണ്. ബുധൻ രണ്ടുപ്രാവശ്യം സൂര്യനെ ചുറ്റുമ്പോൾ മൂന്നുപ്രാവശ്യം സ്വയം ഭ്രമണം ചെയ്യുന്നു. സൗരയൂഥത്തിലെ മറ്റു ഗ്രഹങ്ങളിൽ നിന്നു തികച്ചും വ്യത്യസ്തമായ ദീർഘവൃത്താകൃതിയിലുള്ള ഭ്രമണമാണ് ബുധനിൽ രണ്ടു സൂര്യോദയവും രണ്ടു സൂര്യാസ്തമയവും ദൃശ്യമാവാൻ കാരണം

അക്ഷരപ്പട്ടം


# നല്ല നാളേക്കായി........



**റമീസ റസാക്ക് 9 A**

പുതുവർഷംപിറക്കുമ്പോൾകുട്ടുകാർചിന്തിക്കുന്നതെന്തായിരിക്കും? ആഘോഷിക്കുംമുമ്പ് പറയട്ടേ ഓരോ ഓണവുംപെരുന്നാളും,,ക്രിസ്തുമസ്സും പോയ വർഷം എന്തുനേടി?പുതുവർഷത്തിൽ എന്തുനേടാം?ഈയൊരു ചിന്തയാണ് എപ്പോഴുമുണ്ടാവേണ്ടത് .ഇങ്ങനെചിന്തിക്കാനുംഅതനുസരിച്ച്പ്രവർത്തിക്കാനുമുള്ള പ്രാപ്തി കൂട്ടുക്കാർക്കുണ്ടാവണം.ഭാവി ശോഭനമാക്കാനും കരുത്തുറ്റതാക്കാനു ഇതനിവാര്യമാണ്.വെറുതെ കളിച്ചുല്ലസിച്ച നടക്കുന്നവർക്ക് എന്നും നഷ്ടക്കണക്കു കൾ മാത്രമേയുണ്ടാവൂ.ജീവിതത്തിൽ ഉന്നതതലങ്ങളിൽ എത്തിയവരെല്ലാം ബാല്യത്തെ ക്രിയാത്മകമായി വിനിയോഗിച്ചവരായിരുന്നു.നല്ല പ്രതിജ്ഞയോടെ നമുക്കും ഒരു നല്ല 'നാളെ'യെ വരവേൽക്കാം.

# കേരള ക്വിസ്സ്



## ചോദ്യങ്ങൾ

**ആത്മജ 9 D**

1. കേരളത്തിലെ ഏറ്റവും വലിയ ശുദ്ധജല തടാകം ?

2. കേരളത്തിലെ ഏറ്റവും വലിയ റെയിൽവേ സ്റ്റേഷൻ ?

3. കേരളത്തിലെ ആദ്യത്തെ ബാങ്ക് ?

4. കേരളത്തിലെ ആദ്യ വനിതാ സർജൻ ജനറൽ ?

5. കേരളത്തിലെ ആദ്യത്തെ നിശബ്ദ സിനിമ ?

6. കേരളത്തിൽ സ്ഥിതി ചെയ്യുന്ന കേരളത്തിലെ അല്ലാത്ത പ്രദേശം ?

7. കേരളത്തിൽ പമ്പാനദിയുടെ ദാനം എന്നറിയപ്പെടുന്ന സ്ഥലമേത് ?

8. കേരളത്തിലെ പ്രധാന നെല്ല് ഗവേഷണ കേന്ദ്രം സ്ഥിതിചെയ്യുന്ന സ്ഥലം ഏത്?

9. കേരളത്തിൽ ഏറ്റവും നീളംകൂടിയ നദിയേത് ?

10. ആദ്യ മലയാള പത്രം ഏത് ?

## ഉത്തരങ്ങൾ

1. ശാസ്താംകോട്ട

2. ഷോർണൂർ

3. നെടുങ്ങാടി ബാങ്ക്

4. ഡോക്ടർ മിസ്സിസ് പുന്നൻ

5. വിഗതകുമാരൻ

6. മാഹി

7. കുട്ടനാട്

8. പട്ടാമ്പി

9. ഭാരതപ്പുഴ

10. രാജ്യസമാചാരം

അക്ഷരപ്പട്ടം

# കടങ്കഥ



**യദുകൃഷ്ണൻ 9 B**

1.മുറ്റത്തെ ചെപ്പിനടപ്പില്ല.
കിണർ

2 .അമ്മ കല്ലിലും മുള്ളിലും മകൾ കല്യണ പന്തലിലും.
വാഴക്കല

3 .അമ്മയെ കുത്തി മകൻ ചത്തു.
തീപ്പട്ടിക്കൊള്ളി

4 .ഓട്ടും കുതിര ചാട്ടും കുതിര വെള്ളം കണ്ടാൽ നിൽക്കും കുതിര.
ചെരിപ്പ്

5 .മണ്ണ് തുരന്ന് പാറകിട്ടി പാറതുരന്ന് വെള്ളം കിട്ടി.
തേങ്ങ

6 .കാള കിടക്കും കയറോട്ടും .
മത്തൻ വള്ളി

7 .മുക്കണ്ണൻ ച്ചന്തക്ക് പൊയി.
തേങ്ങ

8 .അടിച്ചാലും അടിച്ചാലും തീരാത്ത മുറ്റം.
ആകാശം

9 .അടി പാറ നടു വടി മെലേ കുട.
ചേന

10.ഒരമ്മ പെറ്റതെല്ലാം തൊപ്പിയിട്ട മക്കൾ.
അടയ്ക്ക

അക്ഷരപ്പട്ടം

# സംഖ്യാശ്രേണി




**അനാമിക പി 9 D**

0*9+1=1
1*9+2=11
12*9+3=111
123*9+4=1111
1234*9+5=11111
1235*9+6=111111
12346*9+7=1111111
123457*9+8=11111111
1234568*9+9=111111111
123456789*9+10=1111111111

1*8+1=9
11*8+11=99
111*8+111=999
1111*8+1111=9999
11111*8+11111=99999
111111*8+111111=999999
1111111*8+1111111=9999999

1*1=1
11*11=121
111*111=12321
1111*1111=1234321
11111*11111=123454321
111111*111111=12345654321
1111111*1111111=1234567654321
11111111*11111111=123456787654321

# വിട



വിട പറയുന്നിവിടം വഴിയിതുവിധിയെഴുതും
ദീർഘകാല സേവനത്തിൻ പടവുകൾ ആനയി-
ച്ച ഈ കുരുന്ന പൈതങ്ങളെ.

ഒന്നും രണ്ടുമല്ല ഈ വസന്തമേ
മൂന്നും നാലും കഴിഞ്ഞു ആ പൂക്കാലം
ഓർക്കുന്ന ഞാനെൻ ഓർമ്മപ്പൂ ചില്ലയിൽ
ആ പുണ്യ കരത്തിൻ സ്പർശനം.

**ഫാത്തിമത്തുൽ ജന്നത്ത് കെ.പി**
**9 A**

അറിവിന്നായി പടികേറി വന്ന ഈ
അങ്കണമാവിൻ ചുവട്ടിൽ
അവർ തന്ന അറിവിൻ മുത്തുകൾ
കൊത്തിയെടുത്തെൻ പൂചിന്തയിൽ.

സുഗതമാം അറിവിൻ ഉയർച്ചയിൽ
വഴികാട്ടി തന്ന ഈ ഗുരുക്കളും
മിന്നാമിനുങ്ങിൻ പ്രഭ പോലെ
ഇവിടം വിതറീ സ്നേഹവും.

ഒരു സൂര്യകിരണമായ് ജ്വലിച്ചിടും
ഒരു സ്നേഹപ്രകാശമായ്തിളങ്ങിടും
ഗുരുവിനായുരാരോഗ്യത്തിനായി
തേജസ്സിന്നായി
പ്രാർത്ഥിക്കാം  നമുക്കവർക്കു വേണ്ടി.

# കടംകഥകൾ



## ചോദ്യങ്ങൾ

ഗോപിക ശശികുമാർ 9 D

1.ഇപ്പോൾ പണിത പുത്തൻപുരയ്ക്കൽ പത്തഞ്ഞൂറ് കിളിവാതിൽ

2.ചത്തു കിടക്കുന്ന പാമ്പ് വടി എടുത്താൽ ഓടും

3.മുതുകത്തു മുള്ളനും തൊപ്പിക്കാരനും ചന്തയ്ക്കുപോയി

4.ഇട്ടാൽ പൊട്ടാത്ത ഇംഗ്ലീഷ് മുട്ട

5.അടുക്കളയിലെ അമ്മായിയമ്മ

6.അച്ഛൻ മുള്ളൻ അമ്മ മിനുമിനു മോൾ മണി മണി

7.അച്ഛൻ തന്ന ചോറുരുള തിന്നിട്ടും തിന്നിട്ടും തീരുന്നില്ല

8.ഇന്നാൽ കണ്ട തേങ്ങാപ്പൂള് ഇന്നേക്ക് ഒരു വെള്ളിത്തളിക യായി

9.ഉടൽ പക്ഷി തല ചെന്നായി തലകീഴായി ജീവിതം

10.എൻറെ നാക്കിൽ നിനക്ക് വിരുന്ന്

## ഉത്തരങ്ങൾ

1.തേനീച്ചക്കൂട്

2.തോണി

3.പാവക്ക

4.കടുകുമണി

5.പൂച്ച

6.ചക്ക

7.ചുണ്ണാമ്പ്

8.ചന്ദ്രൻ

9.വവ്വാൽ

10.വാഴയില

# നാടൻപാട്ട്



**ദിയ സി 8 E**

പാട്ടും പരുന്തക്കെട്ടും ഞാൻ പണ്ടേ മറന്നേ

കൊട്ടും കുരവയും ഞാൻ പണ്ടേ കളഞ്ഞേ.......

എന്നിട്ടും പാടാണ്ടിരിക്കാൻ വയ്യെടി തെയ്യേ

എന്നിട്ടുംകൊട്ടാണ്ടിരിക്കാൻ  വയ്യെടി തെയ്യേ........

ഇനിയുള്ള കാലം നമ്മള് പാടാണ്ടിരുന്നാൽ

നാടിൻറെ നട്ടെല്ല് പൊട്ടി നമ്മളും ചാവ്വേ......

ചാവാതിരിക്കാൻ എങ്കിലും പാടെടി തെയ്യേ

പാടീട്ട് ചാവാനെങ്കിലും പാടെടി തെയ്യേ.........

കറുത്ത ദൈവത്തെ കൊല്ലണ തമ്പ്രാൻറെ ദൈവം

നമ്മളെ കൊല്ലാണ്ടിരിക്കുമെന്നാരത് കണ്ടു........

കുഞ്ഞോളേ കൊല്ലണ ദൈവത്തെ നമുക്കും കൊല്ലാം.......

കറുത്ത ദൈവത്തിനായി ഒരു പാട്ടും പാടാം .........

# സാഹിത്യ ക്വിസ്സ്



**ശ്രീനിമ വി 9 C**

1-കൊട്ടാരക്കര തമ്പുരാൻ തുടക്കം കുറിച്ച സാഹിത്യ [4]

പ്രസ്ഥാനം ഏത് ?

ആട്ടക്കഥ പ്രസ്ഥാനം

2-ശക്തിയുടെ കവി എന്നറിയപ്പെടുന്നതാര് ?

ഇടശ്ശേരി ഗോവിന്ദൻ നായർ

3-ആദ്യത്തെ എഴുത്തച്ഛൻ പുരസ്കാര ജേതാവ് ?

ശൂരനാട് കുഞ്ഞൻ പിള്ള

4-ഋതുക്കളുടെ കവി ?

ചെറുശ്ശേരി

5-പ്രകൃതിയുടെ കവി ?

പി.കുഞ്ഞിരാമൻ നായർ

6-ഏറ്റവും പുതിയ ദ്രാവിഡ ഭാഷ ?

---

4

## അക്ഷരപ്പട്ടം

മലയാളം

7-എസ്.കെ പൊറ്റക്കാട് എഴുതിയ നാടകം ഏത് ?

അച്ഛൻ

8-മലയാളത്തിൽ പ്രസിദ്ധീകരിച്ച ആദ്യ നാടകം ?

ആൾമാറാട്ടം

9-ആദ്യത്തെ വയലാർ അവാർഡ് ആർക്ക് ?

ലളിതാംബിക അന്തർജനം

10-വള്ളത്തോൾ അവാർഡ് ?

പാലാ നാരായണൻ

11-മയ്യഴിയുടെ കഥാകാരൻ ?

എം.മുകുന്ദൻ

ജില്ലാതല സ്കൂൾ കലോത്സവത്തിൽ കവിതാപാരായണം, ശാസ്ത്രീയ സംഗീതം, മോണോആക്ട് എന്നിവയിൽ A ഗ്രേഡ് കരസ്ഥമാക്കിയ കലാകാരി

# IT  FULL FORMS



**Shahana Nasar 9 E**

1. www – World Wide Web
2. Wi-Fi  – Wireless  Fidelity
3. HTML – Hypertext Markup Language
4. HTTP – Hypertext Transfer Protocol
5. UPS – Uninterrupted Power Supply
6. VDU – Visual Display Unit
7. URL – Uniform Resource Locator
8. RAM – Random Access Memory
9. GIMP – GNU Image Manipulation Programme
10. png – Portable Network Graphics

# പഴഞ്ചൊല്ലുകൾ



**മുഹമ്മദ് നിഹാൽ യു. പി 9A**

.ആറ്റിൽ കളഞ്ഞാലും അളന്ന് കളയണം

.കാക്ക കുളിച്ചാൽ  കൊക്കാകുമോ.

.ഇരിക്കും കൊമ്പ് മുറിക്കരുത്

.ഉവർശി ശാപം ഉപകാരം

.ഉപ്പ് തിന്നവൻ വെള്ളം കുടിക്കും

.ഏച്ചു കെട്ടിയാൽ മുഴച്ചിരിക്കും

.വടികൊടുത്ത് അടിവാങ്ങരുത്

.മടിയൻ മലചുമക്കും

.പയ്യെ തിന്നാൽ പനയും തിന്നാം

.എല്ല് മുറിയെ പണിതാൽ പല്ല് മുറയെ തിന്നാം

# പുസ്തക പരിചയം



**നന്ദന സി 10 C**

ബുക്കിന്റെ പേര് : **നഷ്ടപ്പെട്ട നീലാംബരി**

ബുക്കിനെ പറ്റിയുള്ള വിവരങ്ങൾ .

കോട്ടയത്ത് വച്ച് 2010 ൽ ആണ് പുസ്തകം ഇറങ്ങിയത്.

ഈ പുസ്കം സെപ്റ്റംബർ 1994 ആണ് ആദ്യം ഇറങ്ങിയത്.

ഈ പുസ്തകത്തിന്റെ വില 50 രൂപ.

ഈ പുസ്തകം എഴുതിയത് 'മാധവികുട്ടി'.

കവർ ഡിസൈൻ തയ്യാറാക്കിയത് മഹേഷ് വെട്ടിയാർ.

അവതരണത്തിലും പ്രമേയത്തിലും ഭാഷയിലെ കീഴ്വഴക്കങ്ങൾ ലംഘിച്ചുകൊണ്ട് മലയാളിയുടെ സാംസ്കാരിക ലോകത്ത് കലാപം സൃഷ്ടിച്ച എഴുത്തുക്കാരിയാണ് മാധവിക്കുട്ടി.

നിത്യ പ്രണയത്തിന്റെ വ്രതനിഷ്ഠമായ സമരാഗ്നിയിൽ ജ്വലിച്ചു നിന്ന സ്ത്രീ സത്വത്തിന്റെ വൈവിധ്യമാർന്ന ഭാവങ്ങളെ ആവിഷ്കരിക്കുന്ന പതിമൂന്ന് കഥകൾ. ഭാഷയുടെ നീലാംബരികൾ വിടർത്തുന്ന ഭാവ ത്രീവ്രത ആസ്വാദകരെ സ്വന്തം അനുഭവ ലോകങ്ങളുടെ കണ്ടെത്താത്ത പ്രദേശങ്ങളിലേക്ക് ആനയിക്കുന്നു.

# എന്റെ ഗ്രാമം



**ഫാത്തിമത്തുൽ ഫിദ 9A**

കുന്നും മലകളും പാടങ്ങളുമുള്ള
ഒരു കൊച്ചു ഗ്രാമമാണെന്റെ ഗ്രാമം.
ടാറിട്ട റോഡില്ല വൈദ്യുതിയുമില്ല
ഓലയാൽ മേഞ്ഞുള്ള കൂരകളും.


വയലുകളും നല്ല പാടങ്ങളുമുള്ള
ഒരു കൊച്ചു ഗ്രാമമാണെന്റെ ഗ്രാമം.
തോടും പുഴയും നിറഞ്ഞൊഴുകുന്ന
പച്ചവിരിച്ചൊരു കൊച്ചു ഗ്രാമം.
മഞ്ഞും മഴയും വെയിലുമായി
എന്റെ ഗ്രാമം.

യന്ത്രങ്ങളില്ല മനുഷ്യർ മാത്രമായി
ജീവിച്ചിരുന്ന എന്റെ ഗ്രാമം.
പൂമ്പാറ്റകളും തുമ്പികളും
പാറിപ്പറക്കുന്ന എന്റെ ഗ്രാമം.
സൗഹൃദത്താലുള്ള എന്റെ ഗ്രാമം
ആയിരമായിരം   കാഴ്ച്ചകളായുള്ള
സുന്ദര ഗ്രാമമാണെന്റെ ഗ്രാമം.

Pictures done by Nasif (9 D) &

Devika (8 F)






# നന്ദി....



അക്ഷരപ്പട്ടം



അക്ഷരപ്പട്ടം

little KITEs













